മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 06 No. 49 THE ONLINE OFFICIAL NEWS BULLETIN 2023 December 02

SEASON OF ANNUNCIATION | അറിയിപ്പുകാലം | ܥܕܢܐ ܕܣܘܒܪܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
♪5 Mezalto St. Mary's Visit to Elizabeth 51th Mem. of Thomas Mar Dionysius Metropolitan ✠ (Pathanapuram Mt. Tabor Dayara) **3**	♪1 Comme. of the Martyrs St. Barbara and St. Juliana **4**	♪5 **5**	♪1 Comme. of St. Soke (St. Nicholas) Bishop of Myre (Christmas Father) **6**	♪5 **7**	♪1 48th Mem. of H.H.Baselios Augen I ✠ (Devalokam Catholicate Aramana) **8**	♪5 11th Mem. of Mathews Mar Barnabas Metropolitan ✠ (St. Peter's & St. Paul's Church, Valayanchirangara) **9**



The Golden Jubilee of 'Mar Gregorios Orthodox Syrian Church' was commemorated in presence of Maharashtra Governor Ramesh Bais at the Church's premises in at Chembur Mumbai. The Governor released the Golden Jubilee Souvenir on the occasion. HH Basilius Marthoma Mathews III, Geevarghese Mar Coorilos, Yuhanon Mar Policarpos, Dr Geevarghese Mar Theophilos, Vicar of the Gregorios Church Fr. Joy Skaria, P J Chandy, Philip Mammen, and other invitees were present.



Foundation stone blessing ceremony of St. Mary's Multipurpose High School & Junior College, Vashi by H.H Baselios Marthoma Mathews III.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 'സഹോദരൻ പദ്ധതിയുടെ' സഹകരണത്തോടെ ആഞ്ഞിലിത്താനം സെൻറ് തോമസ് ഓർത്തഡോക്സ് സ്ലീബാ പള്ളി നിർമ്മിച്ചു നൽകുന്ന ഭവനത്തിന്റെ താക്കോൽ ദാനം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ വച്ച് പ. കാതോലിക്കാ ബാവാ നിർവ്വഹിക്കുന്നു. വികാരി ഫാ. ഷിബു തോമസ്, കൈക്കാരൻ, സെക്രട്ടറി, മാനേജിംഗ് കമ്മറ്റിയംഗങ്ങൾ തുടങ്ങിയവർ സമീപം.



തിരുവല്ല എം.ജി.എം സ്കൂളിൽ ഹയർ സെക്കണ്ടറി വിഭാഗം ആരംഭിച്ചതിന്റെ രജത ജൂബിലി ആഘോഷ സമ്മേളനം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് എം.എൽ.എ മുഖ്യപ്രഭാഷണം നിർവഹിച്ചു.

കളമശ്ശേരി അപകടം: പരിശുദ്ധ കാതോലിക്കാ ബാവാ അനുശോചിച്ചു


ദേവലോകം: കളമശേരി കുസാറ്റ് സർവകലാശാല ക്യാമ്പസിൽ ടെക് ഫെസ്റ്റിനിടെയുടെയുണ്ടായ അപകടം അതീവ ദുഃഖകരമെന്ന് പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. മരണപ്പെട്ടവരുടെ മാതാപിതാക്കളുടെയും പ്രിയപ്പെട്ടവരുടെയും വേദനയിൽ പങ്ക് ചേരുന്നു. പ്രിയപ്പെട്ടവരുടെ മരണത്തിൽ ദുഃഖാർത്തർ ആയിരിക്കുന്ന എല്ലാവർക്കും ദൈവം ആശ്വാസം നൽകട്ടെ. അവരുടെ കുടുംബങ്ങളുടെ സമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കുന്നതായും പരിശുദ്ധ ബാവാ പറഞ്ഞു.



കളമശേരി കുസാറ്റ് സർവകലാശാല ക്യാമ്പസിൽ ടെക് ഫെസ്റ്റിനിടെയുടെയുണ്ടായ അപകടത്തിൽ മരണപ്പെട്ട, വടകര സെൻറ് ജോൺസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ അതുൽ തമ്പിയുടെ ഭവനത്തിൽ പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ എത്തി കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും പ്രാർത്ഥന നടത്തുകയും ചെയ്തു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിശ്വാസ പാഠനം



അന്നഫുറായുടെ ക്രമം: ഒന്നാം ഭാഗം

ഡോ. ഗീവർഗീസ് യൂലിയോസ് മെത്രാപ്പോലീത്താ


(തുടർച്ച)

വി. ത്രിത്വത്തോടുള്ള രഹസ്യപ്രാർത്ഥന ചൊല്ലിയാണ് കാർമ്മികൻ അന്നഫുറായുടെ അതിപ്രധാന അനുഷ്ഠാനങ്ങളിലേക്ക് കടക്കുന്നത്. "പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന സത്യദൈവമേ! ഹൃദയം കൊണ്ടും മനസ്സുകൊണ്ടും നാവുകൊണ്ടും നിന്നെ ഞങ്ങൾ സ്തുതിക്കുന്നു" (വി. ക്സോസ്ത്തോസ്സ്) എന്ന പ്രാർത്ഥനയ്ക്കു ശേഷമാണ് കാർമ്മികൻ സ്ഥാപനവചനങ്ങൾ ചൊല്ലുന്നത്.

'കർത്തൃസ്ഥാനത്തു കാർമ്മികൻ നിന്നുകൊണ്ട് അന്ത്യ അത്താഴവേളയിൽ ക്രിസ്തു അപ്പ-വീഞ്ഞുകൾ എടുത്ത് അരുളിച്ചെയ്യുകയും അനുഷ്ഠിക്കുകയും ചെയ്ത കർമ്മങ്ങൾ നിർവ്വഹിക്കുന്നു. ക്രിസ്തുസാന്നിദ്ധ്യവും ക്രിസ്തുവിന്റെ കാർമ്മികത്വവുമാണ് അവിടെ വെളിപ്പെടുന്നതും അനുഭവപ്പെടുന്നതും. വി. കുർബ്ബാന പിതാവാംദൈവത്തിന് പുത്രന്റെ അർപ്പണമാണ്. അതിനാൽ സ്ഥാപന വചനങ്ങൾക്കുശേഷം ക്രിസ്തുവിന്റെ മനുഷ്യാവതാര സ്മരണയെ ("കഷ്ടാനുഭവം, മരണം, അടക്കം, മൂന്നാം ദിവസത്തെ ഉയിർപ്പ്, സ്വർഗ്ഗാരോഹണം ഇവയൊന്നും ഞങ്ങൾ വിസ്മരിക്കുന്നില്ല" - വി. മത്തായി റോയോ) അനുസ്മരിക്കുന്നു (അനമനേസിസ്). തുടർന്ന് അർപ്പിതവസ്തുക്കളിന്മേൽ പരിശുദ്ധറൂഹാ പൊരുന്നി ആവസിച്ച് അവയെ തിരുശരീര രക്തങ്ങളായുള്ള രൂപാന്തരീകരണം പൂർത്തിയാക്കപ്പെടുന്നു. അതോടെ അന്നഫുറായുടെ ക്രമം അവസാനിച്ചു. പിന്നീടുള്ളത് പ്രധാനമായും മദ്ധ്യസ്ഥ പ്രാർത്ഥനകളും (തുബ്ദേൻ) അപേക്ഷകളും (ലുത്തിനിയാകൾ) വി. കുർബ്ബാനാനുഭവത്തിനുള്ള ഒരുക്കങ്ങളുമാണെന്ന് ബഹു. അച്ചൻ ചൂണ്ടിക്കാണിക്കുന്നു. അന്നഫുറായിലെ നന്ദി കരേറ്റൽ ആകുന്ന സ്തുതിഅർപ്പണത്തെക്കുറിച്ചും (Sanctus) സ്തുതിഗീതത്തെക്കുറിച്ചും യെരുശലേമിലെ വി. കൂറീലോസ് സംക്ഷേപിക്കുന്നത് ശ്രദ്ധേയമാണ്: "ഇതിനുശേഷം നാം സ്വർഗ്ഗം, ഭൂമി, സമുദ്രം, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, തിരിച്ചറിവുള്ളതും ഇല്ലാത്തതും, കാണപ്പെടുന്നവയും, കാണപ്പെടാത്തവയുമായ എല്ലാ ജീവജാലങ്ങളും, മാലാഖമാർ, ശക്തികൾ, വാഴ്ചകൾ, അധികാരങ്ങൾ.... എന്നിവയെക്കുറിച്ചും പറയുന്നു. എന്നോടു ചേർന്ന് നമുക്കു സ്തുതിക്കാം എന്ന ദാവീദിന്റെ വചനം നാം ഉയിരോടെ ചൊല്ലുന്നു. യെശയ്യാവിന്റെ ദർശനം നാം കാണുകയും മാലാഖമാരോടൊപ്പം 'കാദീശ്' പാടുകയും അവരിൽ നിന്നും ലഭിച്ച സ്തുതിഗീതം അവരോടൊപ്പം നാമും ആലപിക്കുകയും ചെയ്യുന്നു.

"ഈ ശബ്ദം നീ തിരിച്ചറിയുന്നുവോ? ഇതു നിന്റേതാണോ, അതോ സ്രാപ്പികളുടേതാണോ? മുമ്പ് ഇത് സ്വർഗ്ഗത്തിലേതു മാത്രമായിരുന്നു. എന്നാൽ ശത്രുതയുടെ ഭിത്തി ക്രിസ്തു നീക്കിക്കളഞ്ഞതിനാൽ ബലിപീഠത്തിൽ ഈ ഗാനം സ്വർഗ്ഗവും ഭൂമിയും ഒന്നിച്ച് ആലപിക്കുന്നു" എന്ന് സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് പഠിപ്പിക്കുന്നു. "ഇപ്പോൾ സ്വർഗ്ഗവും ഭൂമിയും ഒരു സഭയായി തീർന്നിരിക്കുന്നു. സ്വർഗ്ഗം സ്വർഗ്ഗമോ, ഭൂമി ഭൂമിയോ അല്ല; കാരണം, സമയവും സ്ഥലവും മാറ്റപ്പെട്ടിരിക്കുന്നു. സ്വർഗ്ഗം ഭൂമിയുടെ സ്വർഗ്ഗവും, ഭൂമി സ്വർഗ്ഗത്തിന്റെ ഭൂമിയും ആകുന്നു" എന്ന് അർബേലിലെ ജോർജ് (Church of the East) വ്യാഖ്യാനിക്കുന്നു. "സ്വർഗ്ഗീയ സഭയും ഭൗമിക സഭയും ഒരുപോലെ ദൈവത്തെ സ്തുതിക്കുന്ന വേളയെന്ന്" കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസ് ആയിരുന്ന ജെർമാനോസും (+ 733) രേഖപ്പെടുത്തുന്നു.

മോശ ബർകീപ്പായുടെ വിശദീകരണവും ഏറെ അർത്ഥവത്താണ്: "ദൃശ്യരും അദൃശ്യരുമായവർ ദൈവത്തെ അനവരതം സ്തുതിക്കുന്നു. ആറാറു ചിറകുള്ള സ്രോപ്പേന്മാർ, (യെശയ്യ 6) ദൈവം നിത്യനും ആരംഭരഹിതനുമായതുകൊണ്ട് ഇരു ചിറകുകൾ കൊണ്ട് മുഖംമൂടുന്നു. അവസാനമില്ലാത്തവനും അതിരുകളില്ലാത്തവനുമായതുകൊണ്ട് ഇരു ചിറകുകൾ കൊണ്ട് കാലുകൾ മറയ്ക്കുന്നു. അവൻ സർവ്വമഹത്ത്വത്തിനും യോഗ്യനായതുകൊണ്ട് 'സൈന്യങ്ങളുടെ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് പാടി പുകഴ്ത്തുന്നു. മൂന്ന് ആളത്ത്വങ്ങൾ ഉള്ളതിനാൽ മൂന്നാവർത്തി 'കാദീശ്' പാടുന്നു. മൂന്ന് ആളത്ത്വങ്ങൾക്കും ഒരു പ്രകൃതവും കർത്തൃത്വമായതുകൊണ്ട് 'കർത്താവ്' എന്നും അവൻ സകലത്തിനെയും ഉണ്മയിലേക്ക് കൊണ്ടുവരികയും വഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനാൽ 'ബലവാൻ' (സാബോയത്തു - Sabaoth) എന്നും വിളിക്കപ്പെടുന്നു. ത്രിത്വത്തിലൊരുവനായ മനുഷ്യാവതാരം ചെയ്ത പുത്രൻ സിംഹാസനത്തിൽ ഇരിക്കുന്നതു കണ്ടു സ്രോപ്പേന്മാർ ഇരുചിറകുകൾകൊണ്ട് മുഖം മറയ്ക്കുകയും ഇരുചിറകുകൾകൊണ്ട് അവിടുത്തെ നിതൃതയെ വീക്ഷിക്കുവാനാവാതെ കാലുകൾ മറയ്ക്കുകയും അവന്റെ മർത്തീകരണത്തിൽ, അതിനെ ഗ്രഹിക്കുവാനാകാതെ ഇരുചിറകുകൾ കൊണ്ട് ചുറ്റും (രഹസ്യങ്ങൾക്ക്) പറന്ന് ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു!



യെശയ്യാ പ്രവാചകന്റെ ഈ വലിയ ദർശനത്തിനു ശേഷമാണ് "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് 'ഇമ്മാനുവേൽ' എന്നു പേർ വിളിക്കും" (യെശ. 7:14) എന്ന വലിയ ദീർഘദർശനം യെശയ്യാവ് നടത്തുന്നത്. അന്നഫുറാ ഉയർത്തപ്പെട്ടപ്പോൾ, രഹസ്യങ്ങൾ വെളിവാകുന്നു. പുത്രന്റെ പ്രത്യക്ഷതയോടെ ദൈവിക വെളിപ്പാട് (Theophany) സംഭവിക്കുന്നു. അപ്പോൾ സർവ്വലോകവും അവനെ സ്തുതിച്ച് മഹത്ത്വപ്പെടുത്തുന്നുവെന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു.

സ്തുതിഗീതത്തിലെ ശ്രദ്ധാർഹമായ മറ്റൊരു വാക്കാണ് ഊശാന (ഉയരങ്ങളിൽ ഊശാന). യെരുശലേമിലേക്കുള്ള യേശുക്രിസ്തുവിന്റെ രാജകീയ എഴുന്നള്ളത്തുവേളയിൽ ശിശുക്കളും ശിഷ്യന്മാരുടെ കൂട്ടവും (ലൂക്കോ. 19:37) മുമ്പും പിമ്പും നടന്ന പുരുഷാരവും (മത്താ. 21:9; മർക്കോ. 11:8) ദാവീദു പുത്രാ ഊശാന എന്ന് പാടി സ്തുതിച്ചതായി കാണുന്നു. 'ഇപ്പോൾ രക്ഷിക്കുക' എന്നതാണ് 'ഹോശിയാന്നാ' എന്ന എബ്രായ പദത്തിന്റെ അർത്ഥം. മറ്റൊരിടത്തും ഞങ്ങൾക്ക് രക്ഷയോ, മറ്റൊരു രക്ഷകനോ ഞങ്ങൾക്ക് ഇല്ല എന്ന പ്രഖ്യാപനമാണ് അതിശക്തമായ ഈ അപേക്ഷ. 'യഹോവേ! ഞങ്ങളെ രക്ഷിക്കണമെ' (സങ്കീ. 118:25) എന്ന പ്രാർത്ഥന ക്രിസ്തുവിൽ അതിന്റെ പൂർണ്ണതയിൽ എത്തുന്നു എന്നും വ്യക്തമാക്കപ്പെടുന്നു. "കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു" (സങ്കീ. 118:26) എന്നതിന്റെ പൂർത്തീകരണവും ഈ സ്തുതിപ്പിൽ കാണുന്നു. 'വിമോചകനായ മശിഹാ'യുടെ വരവിനുവേണ്ടിയുള്ള പ്രാർത്ഥന ക്രിസ്തുവിന്റെ മർത്തീകരണത്തിൽ യാഥാർത്ഥ്യമായി എന്ന പ. സഭയുടെ ബോധ്യവും പ്രഖ്യാപനവുമാണ് ഈ സ്തുതിപ്പ് എന്നും കാണാം.

"സ്തുതിയും സ്തോത്രവും പ്രാഭവവും പുകഴ്ചയും മാഞ്ഞുപോകാത്ത ഉന്നതിയും" സർവ്വശക്തനായ ദൈവത്തിന് സകലത്തിന്റെയും സ്രഷ്ടാവിന്, സദാ സമർപ്പിക്കുവാൻ കടപ്പെട്ടവനാണ് സൃഷ്ടിയുടെ മകുടമായ മനുഷ്യൻ; ദൈവത്തിന് പുകഴ്ചയായി, യവുക്കറിസ്തിയായി തീരേണ്ടവൻ. എന്നാൽ അവന്റെ വീഴ്ചയിൽ അവന് സകലവും നഷ്ടപ്പെട്ടു. അവന്റെ ഉദ്ധാരണത്തിനും

വിമോചനത്തിനുമായി ദൈവപുത്രൻ മനുഷ്യനായി, അപ്പമായി, ആഹാരമായി മനുഷ്യന് നിത്യജീവനും സമൃദ്ധിയായ ജീവനും പകർന്നു.

ഈ രക്ഷകന്റെ നിത്യമായ രക്ഷണ്യ പ്രവർത്തനത്തിന് ഭൂത-വർത്തമാന-ഭാവികാലങ്ങളുടെ പരിക്രമം ഉണ്ട് എന്നതിനാൽ 'വന്നവനും വരുന്നവനും ഇനിയും വരുവാനിരിക്കുന്നവനും' എന്ന് സ്വർഗ്ഗീയ മാലാഖമാരോടൊപ്പം പ. സഭയും സ്തുതിക്കുന്നു.

ഇതേ തുടർന്നാണ് വി. കുർബ്ബാനയുടെ സ്ഥാപനവചനങ്ങൾ കാർമ്മികൻ ചൊല്ലി അപ്പവീഞ്ഞുകളിലെ ശുശ്രൂഷകൾ ആരംഭിക്കുന്നത്. ഇതുവരെയും കാസാപീലാസകളെയോ, അപ്പവീഞ്ഞുകളെയോ, ഒരുക്കശുശ്രൂഷയ്ക്കുശേഷം കാർമ്മികൻ സ്പർശിച്ചിരുന്നില്ല എന്നും ഓർക്കണം. വി. കുർബ്ബാനാ സ്ഥാപന സമയത്ത് വി. ത്രിത്വത്തിനുവേണ്ടി, ത്രിത്വത്തിൽ നിന്നും ത്രിത്വത്തിൽ ഒരുവനായ പുത്രൻ തമ്പുരാൻ തന്നെയാണ് കാർമ്മികനായി മാറുന്നത് എന്നും പിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നു. പുരോഹിതൻ ക്രിസ്തുവിന്റെ പ്രതിപുരുഷനായി വി. ത്രിത്വത്തെ പരികർമ്മണം ചെയ്യുന്നു. പരിശുദ്ധ റൂഹാ സകലവും പൂർത്തിയാക്കുന്നു.

ക്രിസ്തുവിന്റെ കുരിശു മരണത്തിനു മുമ്പായിരുന്നുവല്ലോ വിരിച്ചൊരുക്കിയ മാളികയിലെ വിരുന്ന്. കുരിശിലെ തന്റെ യാഗം, ബലിയർപ്പണം, മാളികയിലെ വിരുന്നിൽ ക്രിസ്തു കൗദാശികമായി നിർവ്വഹിച്ചു. "ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിലെ എന്റെ രക്തം" (മത്തായി 26:38) എന്ന് താൻ കല്പിച്ചു.

പഴയ ഉടമ്പടിയെ അനുസ്മരിക്കുകയും അന്ത്യ അത്താഴവേളയിൽ അതിനെ നീക്കി പുതിയത് സ്ഥാപിക്കുകയും ചെയ്തു. "ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ടു: കൈപ്പണിയല്ലാത്തതായി എന്നു വച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽ കൂടി (വി. സഭ) ആട്ടുകൊറ്റന്മാരുടെയും പശുക്കിടാങ്ങളുടെയും രക്തത്താലല്ല, സ്വന്ത രക്തത്താൽ തന്നേ ഒരിക്കലായിട്ടു വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളോരു വീണ്ടെടുപ്പു സാധിപ്പിച്ചു" എന്ന് എബ്രായ ലേഖന കർത്താവ് (9:11-12) ഈ മർമ്മം വെളിപ്പെടുത്തുന്നു. സർവ്വ ബലികളെയും നീക്കുവാൻ അവൻ സ്വയം ബലിയായി നിവർത്തിക്കപ്പെട്ടു!

(പഴയത് പൂർത്തിയായി മാറ്റപ്പെടുമ്പോൾ പഴയതിന്റെ പ്രതീകമായ നക്ഷത്രം - കൗക്ബോ - വലതു വശത്തുനിന്നും രഹസ്യങ്ങളുടെ പുറകിലൂടെ ഇടതുവശത്ത് വരുന്നു. ഒപ്പം ഗ്മുർത്തോയും തർവോദോയും (സ്പോഞ്ചും സ്പൂണും) ഇടതുവശത്തു നിന്നും കുരിശാകൃതിയിൽ കാർമ്മികൻ എടുത്തു ചുംബിക്കുകയും അവ കൊണ്ട് പീലാസയും കാസായും സ്പർശിച്ചശേഷം പുതിയ ഉടമ്പടിയുടെ പ്രതീകമായി - ക്രിസ്തുവിലുള്ള സംബന്ധമായി, വി. സ്ലീബായുടെ ആകൃതിയിൽ അവ വിശ്വാസികളെ കാണിക്കുകയും ഒപ്പം 'എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുവിൻ' എന്ന പ്രമാണം കാർമ്മികൻ ചൊല്ലുകയും പുതിയനിയമം ആരംഭിച്ചതിന്റെ അടയാളവും സൂചനയുമായി പുതിയ ധൂപം അർപ്പിക്കുകയും ചെയ്യുന്നു എന്ന ഒരു വ്യാഖ്യാനം ചില പഠനങ്ങളിൽ കണ്ടിട്ടുണ്ടെന്നതിനാലും ആയത് അർത്ഥമുള്ളതായി തോന്നിയിട്ടുള്ളതിനാലും ഇവിടെ കുറിക്കുന്നു. എന്നാൽ ഇങ്ങനെ ഒരു വ്യാഖ്യാനം ബഹു. ജോർജ് കോശി അച്ചന്റെ ഗ്രന്ഥത്തിൽ ഇല്ലാത്തതിനാലാണ് ഈ ഖണ്ഡിക പ്രത്യേകം ബ്രായ്ക്കറ്റിൽ കൊടുത്തിരിക്കുന്നത്).

പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ, വി. കുർബ്ബാനാനുഷ്ഠാനത്തിൽ ഏതെങ്കിലും ഒരു പ്രത്യേക നിമിഷത്തിലോ, പ്രത്യേക പ്രാർത്ഥനാവേളയിലോ അപ്പവീഞ്ഞുകൾ കർത്തൃശരീര-രക്തങ്ങളായി പരിണമിക്കുന്നുവെന്ന് പഠിപ്പിക്കുന്നില്ല. എന്നാൽ അന്ത്യ അത്താഴവേളയിൽ കർത്താവ് അനുഷ്ഠിച്ച കർമ്മങ്ങൾ നിർവ്വഹിക്കുന്ന വേളയും തുടർന്നു നടക്കുന്ന പരിശുദ്ധാത്മാവാസ പ്രാർത്ഥനകളും (Epiclesis) ഏറെ രഹസ്യാത്മകമായും മർമ്മപ്രധാനവുമായി കരുതപ്പെടുന്നു. "വി. കുർബ്ബാനയിലെ പരമപ്രധാനമായ ഭാഗം കുർബ്ബാന സ്ഥാപനം (അപ്പവീഞ്ഞുകൾ വാഴ്ത്തുന്നതു) മുതൽ പരിശുദ്ധാത്മ വിളി നടത്തി പരിശുദ്ധറൂഹാ അപ്പവീഞ്ഞുകളെ ശുദ്ധീകരിക്കുന്നതു വരെയുള്ള ഭാഗമാണ്" എന്ന് യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി ചൂണ്ടിക്കാണിക്കുന്നു (ശുശ്രൂഷാ സംവിധാന സഹായി).

'ഇതെന്റെ ശരീരം', 'ഇതെന്റെ രക്തം' എന്ന് അന്ത്യ അത്താഴവേളയിൽ യേശുതമ്പുരാൻ അരുളിച്ചെയ്ത വാക്കുകളും പ്രവൃത്തിയും വി. കുർബ്ബാനയിൽ ആവർത്തിക്കപ്പെടുന്നുവെന്ന് അറിയാമല്ലോ. ഈ അനുസ്മരണത്തെ 'വി. കുർബ്ബാന സ്ഥാപനം' (Words of Institution) എന്ന് ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നു. "എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുവിൻ" (1 കൊരി. 11:24) എന്നതിനാൽ ഈ ഭാഗത്തിന് മുഴുവനായും 'അനുസ്മരണ ശുശ്രൂഷ' (Anemenesis) എന്നും അറിയപ്പെടുന്നു. അപ്പ-വീഞ്ഞുകൾ എടുത്ത് ഈ സമയത്ത് സ്തോത്രം ചെയ്യുന്നതിനാൽ സ്തോത്ര പ്രാർത്ഥന എന്നും ഈ ഭാഗത്തെ വിശേഷിപ്പിക്കാറുണ്ട്.

വി. കുർബ്ബാനാ സ്ഥാപനം പുതിയനിയമത്തിൽ എന്നത് പ്രത്യേകം പഠിക്കേണ്ടുന്ന വിഷയമാണ്. 'സമവീക്ഷണ സുവിശേഷങ്ങൾ' എന്ന് അറിയപ്പെടുന്ന വി. മത്തായി, വി. മർക്കോസ്, വി. ലൂക്കോസ് എന്നീ മൂന്നു സുവിശേഷങ്ങളിലും ഒന്നാം കോരിന്ത്യ ലേഖനത്തിലും ക്രിസ്തുവിന്റെ അന്ത്യ അത്താഴത്തിൽ നടന്ന ഈ സംഭവത്തിന്റെ വിവരണം (Institution narrative) ഉണ്ട്.

'അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു: വാങ്ങി ഭക്ഷിപ്പിൻ; ഇതു എന്റെ ശരീരം എന്ന് പറഞ്ഞു, പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു: എല്ലാവരും ഇതിൽനിന്നും കുടിപ്പീൻ ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിലുള്ള എന്റെ രക്തം" (വി. മത്താ. 26:26-27). വി. കുർബ്ബാന സ്ഥാപനവചനങ്ങൾ എന്ന് അറിയപ്പെടുന്ന ഈ വാക്യങ്ങൾ ഏതാണ്ട് ഇതേ അർത്ഥത്തിലും രൂപത്തിലും വി. മർക്കോസ് 14:22-24 ലും വി. ലൂക്കോസ് 22:14-20 ലും, പ. പൗലോസ് ശ്ലീഹാ കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനം 11:23-25 ലും രേഖപ്പെടുത്തിയിരിക്കുന്നു. "ഞാൻ കർത്താവിൽ നിന്നും പ്രാപിക്കുകയും നിങ്ങൾക്ക് ഏല്പിക്കുകയും ചെയ്യുന്നത് എന്തെന്നാൽ" (1 കൊരി. 11:23) എന്ന മുഖവുരയോടെയാണ് വി. പൗലോസ് എഴുതുന്നത്. വി. യോഹന്നാന്റെ സുവിശേഷത്തിൽ മാളികയിലെ വിരുന്നുമായി ബന്ധപ്പെട്ട് വി. കുർബ്ബാനാ സ്ഥാപനവചനങ്ങൾ കാണുന്നില്ല; എന്നാൽ വി. കുർബ്ബാനാ വ്യാഖ്യാനത്തിന്റെ അടിസ്ഥാന വേദശാസ്ത്രം എന്ന നിലയിൽ അദ്ദേഹം പല സന്ദർഭങ്ങളിലായി ഇവ വിവരിക്കുന്നുമുണ്ട്. കാനാവിലെ കല്യാണവിരുന്നിലൂടെയാണ് യേശു തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചത് എന്ന് വി. യോഹന്നാൻ സാക്ഷിക്കുന്നു. ആ വിവാഹ വിരുന്ന് ദൈവരാജ്യത്തിന്റെ മുന്നറിവും വി. കുർബ്ബാനയുടെ പ്രതീകവുമാണ്. ആറാം അദ്ധ്യായത്തിൽ കർത്തൃശരീര-രക്തങ്ങളെ കുറിച്ചുള്ള ആഴമായ പ്രബോധനം കർത്താവ് നൽകിയിരിക്കുന്നത് വി. യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു. അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിക്കുന്ന അദ്ഭുതം വി. കുർബ്ബാനയുടെ മുൻകുറിയാണ്. "പിന്നെ യേശു അപ്പം എടുത്തു വാഴ്ത്തി, ഇരുന്നവർക്കു പങ്കിട്ടു കൊടുത്തു" (6:11) എന്ന സ്ഥാപനവചനം അവിടെ കാണുന്നു. അപ്പം വർദ്ധിപ്പിച്ച് ജനത്തിന് കൊടുത്തത് പഴയനിയമത്തിൽ മന്നാ വർദ്ധിപ്പിച്ച് ജനതയെ പോഷിപ്പിച്ചതിന്റെ പുതിയനിയമത്തിലെ പൊരുളാണ്. തുടർന്ന് "സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു" (6:51) എന്നും "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും" (6:54) എന്നിങ്ങനെ വി. കുർബ്ബാനയുടെ അർത്ഥവും ആഴവും കർത്താവു തന്നെ വ്യക്തമാക്കുന്നു.

വി. യോഹന്നാനിൽ അന്ത്യ അത്താഴസമയത്ത് (അധ്യായം 13) വി. കുർബ്ബാന സ്ഥാപനവചനങ്ങൾ കാണുന്നില്ല. എന്നാൽ അന്ത്യ അത്താഴത്തിനു മുമ്പ് താൻ എഴുന്നേറ്റ് ശോശപ്പാ അരയിൽ ചുറ്റി ശിഷ്യന്മാരുടെ കാലുകൾ കഴുകുന്നതിലൂടെ (13:3-11) അവരെ അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും പാഠങ്ങൾ പഠിപ്പിക്കുന്നു; അഥവാ വി. കുർബ്ബാനാ അനുഭവത്തിനു മുമ്പുള്ള ഒരുക്കവും - വി. കുമ്പസാരവും - സ്വയം വെറുമയാക്കി മറ്റുള്ളവർക്കു വേണ്ടി ശുശ്രൂഷകനാകണമെന്ന പാഠവും അവർക്ക് നൽകുന്നു!

വി. ആരാധനയിൽ നിന്നുമാണ് വി. വേദപുസ്തകം ഉൾപ്പെടെയുള്ള പ. സഭയുടെ പാരമ്പര്യങ്ങൾ ആദ്യം വാമൊഴിയായും പിന്നീട് വരമൊഴിയായും നിലവിൽ വന്നത് എന്നത് പണ്ഡിതലോകത്തിൽ തർക്കത്തിന് ഇടയില്ലാത്ത

വസ്തുതയാണല്ലോ. “നമ്മുടെയിടയിൽ പൂർണ്ണമായി പ്രമാണിച്ചുപോരുന്ന കാര്യങ്ങളെ വിവരിക്കുന്ന ഒരു ചരിത്രം.... സകലവും സൂക്ഷ്മമായി പരിശോധിച്ചിട്ടു” (ലൂക്കോ. 1:2, 4) രൂപംകൊടുത്തതാണ് സുവിശേഷമെന്ന് വി. ലൂക്കോസ് ഏവൻഗേല്യസ്താ സാക്ഷ്യപ്പെടുത്തുന്നുണ്ടല്ലോ. “നമ്മുടെ കർത്താവിന്റെ സഹോദരനും ശ്ലീഹായും സഹദായുമായ ഊർശ്ലേമിന്റെ ഒന്നാമത്തെ റീശ് എപ്പിസ്കോപ്പായായ വി. മാർ യാക്കോബിന്റെ തക്സാ” എന്ന് എല്ലാ വി. കുർബ്ബാന തക്സാകളുടെയും മുമ്പേ ഉണ്ടായ തക്സായുടെ കാർമ്മികനെ പ. സഭ വിശേഷിപ്പിക്കുന്നു. അഥവാ പ. സഭയിൽ പെന്തിക്കോസ്തി നാൾ മുതൽ പ്രമാണിച്ചുപോന്ന കാര്യങ്ങളിൽനിന്നും ആദ്യം ആരാധനാ - സ്തോത്രാർപ്പണം - വി. കുർബ്ബാനക്രമം ഉത്ഭവിച്ചിരിക്കുന്നുവെന്ന് അവയുടെ പശ്ചാത്തലത്തിൽ സുവിശേഷങ്ങളും ലേഖനങ്ങളും രചിക്കപ്പെട്ടുവെന്നും സഭാചരിത്ര പണ്ഡിതർ സാക്ഷ്യപ്പെടുത്തുന്നു.

“ശാലേം രാജാവായ മൽക്കിസാദേക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്നു; അവൻ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു” എന്ന് ആദ്യ പുസ്തകത്തിൽ (ഉല്പ. 14:18) വായിക്കുന്നു. അപ്പവീഞ്ഞുകൾ സ്തോത്രയാഗമായി ദൈവസന്നിധിയിൽ അർപ്പിക്കുന്നതിന് ചരിത്രാതീത കാലത്തോളം പഴക്കമുണ്ടെന്ന് ഇവിടെനിന്നും മനസ്സിലാക്കാമല്ലോ.

അപ്പവീഞ്ഞുകൾ വലിയ പ്രതീകങ്ങളാണ്. ഒന്നാമത് അവയിൽ പഞ്ചമൂലകങ്ങളും (മണ്ണ്, ജലം, വായു, അഗ്നി, ആകാശം) സമ്മേളിക്കുന്നു. “ഞാൻ ജീവന്റെ അപ്പമാകുന്നുവെന്നും” (യോഹ. 6:35). “ഞാൻ സാക്ഷാൽ മുന്തിരിവള്ളിയാകുന്നു” (യോഹ. 15:1) എന്നും കർത്താവ് പഠിപ്പിക്കുന്നു. മശിഹായുടെ അനുഗ്രഹത്തിന്റെ പ്രതീകമായിട്ടാണ് പ്രവാചകന്മാർ വീഞ്ഞിനെ വീക്ഷിച്ചിരുന്നത് (ആമോ. 9:13; ഹോശ. 2:24; യോവേ. 4:18; യശ. 25:6; 31:5). അപ്പം ജീവന്റെ ആധാരവും വീഞ്ഞ് ആത്മസന്തോഷത്തിന്റെ പ്രതീകവുമായി പ്രവാചക ഗ്രന്ഥങ്ങളും സങ്കീർത്തനങ്ങളും സാക്ഷിക്കുന്നു.

വീഞ്ഞിൽ തുല്യ അളവിൽ വെള്ളം ചേർത്തുകൊണ്ടു കാർമ്മികൻ ഒരുക്കശുശ്രൂഷയിൽ നടത്തുന്ന പ്രാർത്ഥനകൾ ഇവിടെ പഠനാർഹമാണ്. “ദൈവമായ കർത്താവേ! നിന്റെ ദൈവത്വം ഞങ്ങളുടെ മനുഷ്യത്വവുമായി സംയോജിച്ചതുപോലെ ഈ വെള്ളത്തെ ഈ വീഞ്ഞുമായി സംയോജിപ്പിക്കണമെ.” ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും അതിന്റെ പൂർണ്ണതയിലും തുല്യതയിലും രണ്ടല്ലാത്ത ഉണ്മയിലെ ഏകത്വത്തിൽ സംയോജിക്കപ്പെട്ടിരിക്കുന്നു എന്ന മർമ്മം ഈ ധ്യാനത്തിൽ കാണുന്നു. കുരിശുമരണ വേളയിൽ ക്രിസ്തുവിന്റെ ശരീരത്തിൽനിന്നും രക്തവും വെള്ളവും ഒഴുകിയെന്ന് വി. യോഹന്നാൻ ശ്ലീഹാ (19:34) സാക്ഷിക്കുന്നുണ്ടല്ലോ. ഈ സംഭവത്തെ ധ്യാനിച്ചുകൊണ്ട് “നമ്മുടെ കർത്താവായ യേശുമശിഹാ ... തിരുവിലാവിൽ കുന്തത്താൽ കുത്തപ്പെടുകയും അതിൽനിന്നു സകല സൃഷ്ടികൾക്കും പാപപരിഹാരപ്രദമാകുന്ന രക്തവും വെള്ളവും ഒഴുകുകയും ചെയ്തു” എന്നും തുടർന്ന് കാർമ്മികൻ രഹസ്യപ്രാർത്ഥന നടത്തുന്നു.

അപ്പവീഞ്ഞുകൾ ഐക്യത്തിന്റെയും സ്വയം സമർപ്പണത്തിന്റെയും പ്രതീകങ്ങളായും വി. വേദപുസ്തകവും പിതാക്കന്മാരുടെ പഠിപ്പിക്കലുകളും സാക്ഷിക്കുന്നു. അനേക ഗോതമ്പുമണികളിൽനിന്നും അവ പൊടിച്ചെടുത്ത് കുഴച്ച് ഒരു അപ്പം ഉണ്ടാക്കുന്നതും അനേകം മുന്തിരിങ്ങാകൾ നീണ്ട പ്രക്രിയകളിലൂടെ കടന്നുപോയി വീഞ്ഞുണ്ടാകുന്നതും, ഒരിക്കൽ അപ്പവും വീഞ്ഞുമായാൽ അവയ്ക്ക് പൂർവ്വസ്ഥിതിയാകുന്ന ഗോതമ്പിലേക്കോ മുന്തിരിയിലേക്കോ തിരിച്ചുവരുവാനാകാതെ അവ സ്വയം സമർപ്പിക്കപ്പെട്ട് ഐക്യപ്പെടുന്നു. ഇത് ക്രിസ്തുവിന്റെ പരമയാഗത്തിന്റെ മർമ്മമായി പിതാക്കന്മാർ കാണുന്നു.

മാർ യാക്കോബിന്റെ ക്രമത്തിലുള്ള വി. കുർബ്ബാന സ്ഥാപനവാക്കുകളെക്കുറിച്ചു മോശ ബർകീപ്പാ നൽകുന്ന വ്യാഖ്യാനവും ഏറെ പ്രധാനപ്പെട്ടതാണ്. ‘അപ്പം എടുത്തു’ എന്നത് വ്യക്തമാക്കുന്നത്, കന്യകയിൽനിന്നും സ്വീകരിച്ച ശരീരത്തെയാണ്. ‘സ്തോത്രം’ ചെയ്തത് രണ്ട് കാരണങ്ങളാലാണ്. ഒന്ന്, നമുക്കുവേണ്ടിയുള്ള രക്ഷാപ്രവൃത്തികൾക്ക് ദൈവത്തിനു നന്ദി കരേറ്റി. രണ്ട്, പിതൃഹിതം നിറവേറ്റുവാൻ സാധിച്ചതിലുള്ള കൃതാർത്ഥതയാണ്. ‘വാഴ്ത്തി’യതു, മനുഷ്യവർഗ്ഗത്തിന്റെ പാപത്തെ അകറ്റി ശുദ്ധീകരിച്ചതുകൊണ്ടും പിതാവിനോടുള്ള തന്റെ സമത്വത്തെ വ്യക്തമാക്കുവാനും ആയിരുന്നു. ‘മുറിച്ചു’ എന്നതിലൂടെ അവിടുത്തെ കഷ്ടാനുഭവത്തെയും മരണത്തേയും കാണിക്കുന്നു. “പാപമോചനത്തിനും നിത്യജീവനും” എന്ന് പ്രഖ്യാപിക്കുവാനും രണ്ട് കാരണങ്ങൾ ഉണ്ട്. ഒന്ന്, പാപം മോചിക്കുന്നു; രണ്ട് ശരീര-രക്തങ്ങളുടെ അനുഭവത്തിലൂടെ സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശനം വഴിയായി നിത്യജീവൻ പ്രാപിക്കുന്നു. വീണ്ടും “നിങ്ങൾ എല്ലാവരും ഇതു വാങ്ങി പാനം ചെയ്യുവീൻ. ഇത് പുതിയ ഉടമ്പടിയുടെ രക്തമാകുന്നു” എന്ന വാക്കുകൾ അവിടുന്ന് വി. മാമോദീസായിലൂടെ മനുഷ്യരെ പിതാവിന്റെ സന്താനങ്ങളാക്കി തീർത്തുവെന്നുള്ളതും അവിടുത്തെ ശരീരരക്തങ്ങളിലൂടെ കടങ്ങളും പാപങ്ങളും മോചിച്ചുവെന്നതുമാണ്. ഈ പ്രക്രിയയിലൂടെ അവൻ സ്വർഗ്ഗരാജ്യത്തിലേക്ക് നമ്മെ ക്ഷണിക്കുകയും അവിടെ നമുക്ക് വിശുദ്ധവും നിത്യവുമായ അനുഗ്രഹാവസ്ഥ നൽകുകയും ചെയ്യുന്നുവെന്നും ബർകീപ്പാ വ്യാഖ്യാനിക്കുന്നു.

ശാരീരിക ജീവൻ നിലനിർത്തുവാൻ ഭൗമിക ഭക്ഷണ പാനീയങ്ങൾ അത്യന്താപേക്ഷിതമാണല്ലോ. അവയാണ് അഥവാ അവയുടെ പ്രതീകമായാണ് അപ്പവും വീഞ്ഞും വിശ്വാസികൾ സമർപ്പിക്കുന്നത്. അത് സ്തോത്രത്തോടെ ദൈവസന്നിധിയിൽ അർപ്പിക്കണം. ആത്യന്തികമായി പിതാവാംദൈവത്തിനു സ്വീകാര്യ ബലിയായി നമുക്ക് സമർപ്പിക്കുവാനുള്ളതു വിശുദ്ധവും ഊനമില്ലാത്തതുമായ ഏകജാതനായ അവിടുത്തെ പുത്രനെയാണ്!; അവൻ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ്. നമ്മുടെ സമർപ്പണത്തെ പിതാവാം ദൈവം സ്വീകരിച്ച് രൂപാന്തരപ്പെടുത്തുന്നു. ആ അനുപമ പരിണാമ പ്രക്രിയയുടെ പരികർമ്മണം ‘എടുത്തു’, ‘വാഴ്ത്തി’, ‘മുറിച്ചു’, ‘കൊടുത്തു’ എന്ന നാല് അടിസ്ഥാന കർമ്മങ്ങളിലൂടെ വ്യാപരിക്കുന്നു.

സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്. അപ്പം ക്രിസ്തുവിന്റെ ശരീരമാകയാൽ അത് സ്വീകരിക്കുന്നവർ ക്രിസ്തുശരീരമായി തീരും. ക്രിസ്തുവിൽ ശരീരങ്ങൾ ഇല്ല; ഒരു ശരീരം മാത്രം. അനേകം ഗോതമ്പുമണികൾ ചേർന്ന് ഒരു അപ്പമായി പരിണമിക്കുന്നതുപോലെ നാം അന്യോന്യം ക്രിസ്തുവിൽ ഐക്യപ്പെട്ട് ഒരു ശരീരമായി തീരുന്നു. ഒരേ ശരീരത്താൽ നാം പോഷിക്കപ്പെടുന്നു. “അപ്പം ഒന്നാകകൊണ്ടു പലരായ നാം ഒരു ശരീരം ആകുന്നു” എന്ന് പ. പൗലോസ് ശ്ലീഹാ (1 കൊരി. 10:17) വ്യക്തമാക്കുന്നു.

‘അന്നഫുറായുടെ ക്രമം: ഒന്നാം ഭാഗം’ വളരെ വിശദമായി തന്നെ പഠിക്കുവാൻ ഡോ. ജോർജ്ജ് കോശി അച്ചൻ പരിശ്രമിച്ചിരിക്കുന്നു. എന്നാൽ അനേകം ആത്മീയ മർമ്മങ്ങൾ അടങ്ങുന്ന അന്നഫുറായുടെ ക്രമം ഓരോ തക്സായിലൂടെയും ധ്യാനിക്കുമ്പോൾ ഓരോ വിശ്വാസിക്കും പരിശുദ്ധാത്മാവിൽ അനേകം മർമ്മങ്ങൾ ഇനിയും കണ്ടെത്തുവാൻ കഴിയുന്ന രത്നഖനിയുടെ അനുഭവമായി അത് നിലനില്ക്കുകയും ചെയ്യുന്നു. അന്നഫുറാ (ഉയർത്തി) ആഘോഷിക്കുംതോറും രഹസ്യങ്ങളുടെ ആഴമേറിയ വ്യാഖ്യാനങ്ങളിലേക്ക് നാം ഇറങ്ങിച്ചെല്ലുന്നു!



ദേവലോകം മാർ ബസേലിയോസ് പബ്ലിക് സ്കൂൾ 21-മത് വാർഷികാഘോഷം പ്രശസ്ത നോവലിസ്റ്റും എഴുത്തുകാരനുമായ ബെന്യാമീൻ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളിലും അവരുടെ മാതാപിതാക്കളിലും ഇക്കാലത്തു അമിതമായി രൂപപ്പെട്ടു വരുന്ന വൈകാരിക സംഘർഷങ്ങളെ സമുചിതമായി കൈകാര്യം ചെയ്യാൻ വിദ്യാഭ്യാസ രീതികൾ പാകപ്പെടേണ്ട കാലമാണിതെന്നു ബെന്യാമിൻ പറഞ്ഞു. പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സാന്താക്ലോസിന്റെ തിരുശേഷിപ്പ് പാമ്പാക്കുടയിൽ ഇടവക ഇംഗ്ലണ്ടിലും

ഡോ. എം. കുര്യൻ തോമസ്

ക്രിസ്തുമസ് കാലത്ത് ലോകമെമ്പാടുമുള്ള കുട്ടികളുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്ന ഒരു കഥാപാത്രമുണ്ട്. തങ്ങൾക്കുള്ള സമ്മാനപ്പൊതികളുമായി ക്രിസ്തുമസ് രാത്രിയിലെത്തുന്ന നരച്ച താടിയും ചുവന്ന മേലങ്കിയുമുള്ള സാന്റാക്ലോസ് എന്ന ക്രിസ്തുമസ് അപ്പൂപ്പൻ.

സെന്റ് നിക്കോളാസ്, പാപ്പാനോവൽ തുടങ്ങി വിവിധ പേരുകളിൽ അറിയപ്പെടുന്ന ക്രിസ്തുമസ് അപ്പൂപ്പൻ ഒരു ഇതിഹാസ കഥാപാത്രം മാത്രമാണെന്നാണ് മിക്കവരുടെയും ധാരണ. എന്നാൽ സെയ്ന്റ് നിക്കോളാസ് എന്ന ചരിത്ര പുരുഷനാണ് സാന്താക്ലോസ് എന്ന ഇതിഹാസ പുരുഷനെന്ന് ഭൂരിപക്ഷത്തിനും അറിയില്ല.

നാലാം നൂറ്റാണ്ടിൽ ടർക്കിയിൽ - അന്നത്തെ പൗരസ്ത്യ റോമാ സാമ്രാജ്യത്തിൽ - ആണ് നിക്കോലോവാസ് ജീവിച്ചിരുന്നത്. ഗ്രീക്ക് ഓർത്തഡോക്സ് പാരമ്പര്യത്തിലുള്ള ബൈസന്റയിൻ സഭകളിൽ 'സെയ്ന്റ് നിക്കോളാസ് ദി വണ്ടർ വർക്കർ' അഥവാ അൽഭുത പ്രവർത്തകനായ വിശുദ്ധ നിക്കോളോവോസ് എന്നാണ് ഇദ്ദേഹം അറിയപ്പെടുന്നത്. വധിക്കപ്പെട്ട മൂന്നു കുട്ടികൾക്ക് ജീവൻ നൽകിയ ഇദ്ദേഹത്തെ കുട്ടികളുടെ രക്ഷാപരിശുദ്ധൻ എന്ന നിലയിലാണ് ക്രൈസ്തവസഭകൾ അംഗീകരിച്ചുവരുന്നത്.

ടർക്കിയിലെ 'പത്താറ' എന്ന സ്ഥലത്താണ് നിക്കോളാസ് പുണ്യവാളൻ ജനിച്ചത്. പത്തൊമ്പതാം വയസിൽ വൈദിക പട്ടം സ്വീകരിച്ചു. തുടർന്നു മയ്റാ (മൂറ) യുടെയും ലൈസിയായുടെയും മെത്രാനായി അഭിഷിക്തനായി.

ഡയോക്ലീഷൻ ചക്രവർത്തിയുടെ കാലത്ത് തടവിലടയ്ക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തെങ്കിലും വധിക്കപ്പെട്ടില്ല. അതിവൃദ്ധതയിലാണ് സെയ്ന്റ് നിക്കോളാസ് സ്വാഭാവിക മരണം പ്രാപിച്ചത്. അത് ക്രിസ്തുവർഷം 350-ൽ ആയിരുന്നു.

ടർക്കിയിലെ കാലെ എന്ന കടൽത്തീര പട്ടണത്തിലെ സെയ്ന്റ് നിക്കോളാസ് പള്ളിയിൽ ഇദ്ദേഹത്തിന്റെ ശവകുടീരം ഇന്നുമുണ്ട്. മയ്റായുടെ പുതിയ പേരാണ് കാലെ.

11-ാം നൂറ്റാണ്ടിൽ കുരിശുയുദ്ധകാലത്ത് ഇദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടത്തിൽ ഒരു ഭാഗം മോഷ്ടിക്കപ്പെട്ടു. പല കൈമറിഞ്ഞ് ഇത് ഇറ്റലിയിലെ ബാരി എന്ന സ്ഥലത്തെത്തി. അവിടെ ഗംഭീരമായ ഒരു ബസ്സിക്ക പണിത്, ആ തിരുശേഷിപ്പുകൾ അവിടെ സ്ഥാപിച്ചു. ബൈസന്റയിൻ സഭകളിൽ യാത്രക്കാരുടെ രക്ഷാപുരുഷനാണ് സെയ്ന്റ് നിക്കോളാസ്. യാത്രക്കാർക്ക് കൊണ്ടു നടക്കുവാനുള്ള ചെറിയ ഐക്കൺ സമുച്ചയത്തിൽ യേശുക്രിസ്തു, വിശുദ്ധ ദൈവമാതാവ് ഇവരോടൊപ്പം മൂന്നാമതായി ചേർക്കുന്ന ചിത്രം സെയ്ന്റ് നിക്കോളാസിന്റേതാണ്. പാശ്ചാത്യസഭകൾ ഇദ്ദേഹത്തിന്റെ ഓർമ്മ ആഘോഷിക്കുന്നത് ചരമ ദിനമായ ഡിസംബർ ആറിനാണ്.

ഗ്രീക്ക് സഭയുടെ ഇതിഹാസപ്രകാരം ക്ഷോഭിച്ച കടലിനെ പ്രാർത്ഥന മൂലം ശാന്തമാക്കുക മുതലായ അത്ഭുതപ്രവർത്തികൾ ചെയ്ത വ്യക്തിയായിരുന്നു നിക്കോളാസ്. ഒരിക്കൽ തന്റെ ജന്മനാടായ പത്താറായിൽ സ്ത്രീധനം കൊടുക്കാൻ മാർഗ്ഗമില്ലാതെ വിഷമിച്ച മൂന്നു ദരിദ്ര കന്യകമാർക്ക് ആളറിയിക്കാതെ സ്വർണനാണയങ്ങൾ നിറച്ച മൂന്നു കിഴികൾ സമ്മാനിച്ച് അവരെ വ്യഭിചാരത്തിൽ നിന്നും രക്ഷിച്ചു. ആ മൂന്നു കിഴികളുടെ പ്രതിരൂപമാണ് പൂർവ യൂറോപ്യൻ രാജ്യങ്ങളിലെ പണയ ബിസിനസുകാരുടെ ചിഹ്നമായ മൂന്നു ഗോളങ്ങൾ.

ബൈസന്റയിൻ സഭകളുടെ പാരമ്പര്യപ്രകാരം കുട്ടികളുടെയും കടൽയാത്രക്കാരുടെയും മാത്രം രക്ഷാ പരിശുദ്ധനല്ല സെയ്ന്റ് നിക്കോളാസ്. കന്യകമാർ, റഷ്യ, പണയ ബിസിനസ്സുകാർ ഇവരുടെയും രക്ഷാപുരുഷനാണിദ്ദേഹം. 1960-കളിൽ റോമൻ കത്തോലിക്കാ സഭ ഇദ്ദേഹത്തിന്റെ പെരുന്നാൾ പരിശുദ്ധന്മാരുടെ മുഖ്യ പട്ടികയിൽ നിന്നു നീക്കി. ഇന്നും ബൈസന്റിയൻ സഭകളിൽ ഇദ്ദേഹം പരിശുദ്ധന്മാരുടെ ഏറ്റവും ഉയർന്ന ഗണത്തിലാണ്.



കുട്ടികളെ സ്നേഹിക്കുകയും അവരറിയാതെ അവർക്കു സമ്മാനങ്ങൾ നൽകുകയും ചെയ്ത ഒരു വ്യക്തിയായാണ് സെയ്ന്റ് നിക്കോളാസിനെ അദ്ദേഹത്തിന്റെ ജീവചരിത്രം പഠിപ്പിക്കുന്നത്. ഈ ചരിത്ര വസ്തുതയാകണം പിൽക്കാലത്ത് ക്രിസ്തുമസ് രാത്രിയിൽ സമ്മാനപ്പൊതികളുമായി എത്തുന്ന സാന്റാക്ലോസായി പ്രചരിച്ചത്. സെയ്ന്റ് നിക്കോളാവോസ് ലത്തീൻ ഭാഷയിൽ സാന്താ നിക്കോളാസായി. അതു ചുരുങ്ങി സാന്താക്ലോസായി. മെത്രാന്റെ ചുവന്ന അംശവസ്ത്രം സാന്താക്ലോസിന്റെ ചുവന്ന അങ്കിയായി. ഇദ്ദേഹത്തിന്റെ വാഹനമായ സ്ലെഡ്ജ് വലിക്കുന്ന റുഡോർഫ് എന്ന റെയിൻഡിയറും, ഉത്തരധ്രുവത്തിലെ താമസവും, ചിമ്മിനിയിലൂടെയുള്ള യാത്രയും വിവിധ യൂറോപ്യൻ ഇതിഹാസങ്ങളുടെ സങ്കലനമാണ്.

സാന്റാക്ലോസും ക്രിസ്തുമസും സമ്മാനങ്ങളുമായി പരസ്പരം ബന്ധിപ്പിക്കുന്നത് സുദീർഘമായ ഒരു ചരിത്രമാണ്. മഞ്ഞുകാലത്തെ ഒരു നിശ്ചിത ദിവസം പരസ്പരം സമ്മാനങ്ങൾ കൈമാറുക എന്നത് ക്രിസ്തുമതത്തിനു മുമ്പുതന്നെ യൂറോപ്പിലെ ഒരു പാരമ്പര്യമായിരുന്നു. സെയ്ന്റ് നിക്കോളാസിന്റെ ചരിത്രം യൂറോപ്പിൽ പ്രചരിച്ചതോടെ ഈ സമ്മാനദാനം അദ്ദേഹത്തിന്റെ ഓർമ്മദിനമായ ഡിസംബർ ആറിനു നടത്താൻ തുടങ്ങി. സമ്മാനങ്ങൾ കൂടുതൽ ആഹ്ലാദിപ്പിക്കുന്നത് കുട്ടികളെയാണെന്ന വസ്തുത, കുട്ടികളുടെ രക്ഷാപുരുഷന്റെ ഓർമ്മ ദിനത്തിൽ അവ നൽകുന്നതിനുള്ള ഒരു പ്രേരകമായിരിക്കാം.

മാർട്ടിൻ ലൂഥറുടെ മതനവീകരണത്തോടെ രൂപംകൊണ്ട പ്രൊട്ടസ്റ്റന്റുകാർക്ക് പരിശുദ്ധന്മാരും തിരുനാളുകളും വർജ്ജ്യമായിരുന്നു. എന്നാൽ ജനമനസുകളിൽ ആഴത്തിൽ പതിഞ്ഞ ഹേമന്തസമ്മാന ദിനവും സാന്താക്ലോസും ഒഴിവാക്കുക പ്രായോഗികമല്ലായിരുന്നു. അതിനാൽ അവർ സമ്മാനദിനം ക്രിസ്തുവിന്റെ ജന്മദിനമായ ഡിസംബർ 25-ലേക്കു മാറ്റി. സാന്താക്ലോസ് പരിശുദ്ധൻ എന്ന നിലയിൽ നിന്നും കൂടുതൽ ഇതിഹാസ കഥാപാത്രമായി മാറി. ഇപ്പോഴും പല യൂറോപ്യൻ കത്തോലിക്കാ രാജ്യങ്ങളിലും ഡിസംബർ ആറിനു തന്നെയാണ് ഹേമന്ത സമ്മാനദിനം.

സുറിയാനി പാരമ്പര്യത്തിൽ 'മൂറായുടെ എപ്പിസ്കോപ്പാ ആയ സോഖ' എന്ന പേരിലാണ് ഇദ്ദേഹം അറിയപ്പെടുന്നത്. അക്കാലത്ത് റോമാസാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ ഒരാൾക്ക് രണ്ടു പാരമ്പര്യത്തിലുള്ള പേരുകൾ സാധാരണമായിരുന്നു. ഉദാഹരണം ദിദിമോസ് എന്ന തോമസ്. യോഹന്നാൻ എന്ന ഈവാനിയോസ് മുതലായവ. സുറിയാനി പാരമ്പര്യത്തിൽ നിക്കോളോവോസ് എന്ന പേരും അപൂർവമായി പ്രയോഗിച്ചിരുന്നു. ധനു ആറിനാണ് പഴയ കണക്കിന് ഇദ്ദേഹത്തിന്റെ ഓർമ്മദിനം സുറിയാനി സഭയിൽ കൊണ്ടാടിയിരുന്നത്.

അന്ത്യോഖ്യൻ സഭാപാരമ്പര്യത്തിലൂടെയാണ് സെയ്ന്റ് നിക്കോളാസ് കേരളത്തിൽ അറിയപ്പെട്ടു തുടങ്ങിയത്. അത് മാർ സോഖ എന്ന പേരിലായിരുന്നു താനും. കേരളത്തിൽ ഇദ്ദേഹത്തെപ്പറ്റിയുള്ള ആദ്യ പരാമർശനങ്ങൾ 18-ാം നൂറ്റാണ്ടിൽത്തന്നെ കാണാനുണ്ട്. 1793-ലെ ചാത്തന്നൂർ പഞ്ചാംഗത്തിൽ ധനു ആറ് മാർ നിക്കലവേസിന്റെ ഓർമ്മയായി ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മാർ സോഖ എന്ന പേരിനായിരുന്നു കേരളത്തിൽ കൂടുതൽ പ്രചാരം. 1872-ൽ ഇടവഴിക്കൽ പീലിപ്പോസു കോർഎപ്പിസ്കോപ്പായും 1907-ലും 1908-ലും കാരുചിറ ഗീവർഗീസ് റമ്പാനും (പിന്നീട് പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ) പ്രസിദ്ധീകരിച്ച സഭാ പഞ്ചാംഗങ്ങളിൽ മാർ സോഖോയുടെ ഓർമ്മ എന്ന രീതിയിലാണ് ധനു ആറ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇദ്ദേഹത്തിന്റെ പേരിൽ കേരളത്തിൽ പള്ളികൾ ഇല്ലാത്തതിനാലും ഇദ്ദേഹത്തിന്റെ പെരുന്നാൾ നിർബന്ധിതമായും ആഘോഷിക്കേണ്ട ഗണത്തിൽ പെടാത്തതുകൊണ്ടും ഈ പെരുന്നാളും പരിശുദ്ധനും കേരളത്തിൽ പ്രചാരം നേടിയില്ല. അതിനാൽ അദ്ദേഹത്തിന്റെ തിരുശേഷിപ്പ് കേരളത്തിലെത്തിയ വിവരം ആരും അറിഞ്ഞില്ല.

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ പാമ്പാക്കുട സെയ്ന്റ് ജോൺസ് വലിയപള്ളിയുടെ മുമ്പിലുള്ള കുരിശടിയിലാണ് മറ്റ് മൂന്ന് തിരുശേഷിപ്പുകളോടൊപ്പം സെയ്ന്റ് നിക്കോളാസെന്ന മൂറായുടെ എപ്പിസ്കോപ്പായായ മാർ സോഖയുടെ തിരുശേഷിപ്പ് സ്ഥാപിച്ചിരിക്കുന്നത്. മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യാനികളുടെ പരമ്പരാഗത വൈദികാദ്ധ്യാപകരായ കോനാട്ടു മല്പാന്മാരുടെ ആസ്ഥാന ദേവാലയമാണ് പാമ്പാക്കുട വലിയപള്ളി.

1824-ലാണ് കോനാട്ട് അബ്രഹാം മൽപ്പാൻ ഒന്നാമൻ പാമ്പാക്കുട വലിയപള്ളി സ്ഥാപിച്ച് തങ്ങളുടെ ആസ്ഥാനം മാമലശേരിയിൽ നിന്നും അങ്ങോട്ട് മാറ്റിയത്. അദ്ദേഹത്തിന്റെ പിൻഗാമിയായിരുന്ന ഗീവറുഗീസ് മല്പാന്റെ ശിഷ്യനായിരുന്നു പുണ്യശ്ലോകനായ പരിശുദ്ധ പരുമല തിരുമേനി. അദ്ദേഹമാണ് സാന്താക്ലോസിന്റെ തിരുശേഷിപ്പ് പാമ്പാക്കുട എത്തിച്ചത്.

യേരുശലേമിലെ അന്ത്യോഖ്യൻ മേല്പട്ടക്കാരനായിരുന്ന ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അതിഥിയായി ആണ് 1895-ലെ വിശുദ്ധ വാരത്തിൽ പരിശുദ്ധ പരുമല തിരുമേനി യേരുശലേം സന്ദർശിച്ചത്. അദ്ദേഹത്തിന്റെ ആസ്ഥാനവും യേശുക്രിസ്തു അന്ത്യഅത്താഴം അനുഷ്ഠിച്ചു എന്നു വിശ്വസിക്കപ്പെടുന്ന സ്ഥലവുമായ മർക്കോസിന്റെ മാളികയിലായിരുന്നു



എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ പാമ്പാക്കുട സെയ്ന്റ് ജോൺസ് വലിയപള്ളിയുടെ മുമ്പിലുള്ള കുരിശടിയിലാണ് മറ്റ് മൂന്ന് തിരുശേഷിപ്പുകളോടൊപ്പം സെയ്ന്റ് നിക്കോളാസെന്ന മൂറായുടെ എപ്പിസ്കോപ്പായായ മാർ സോഖയുടെ തിരുശേഷിപ്പ് സ്ഥാപിച്ചിരിക്കുന്നത്. മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യാനികളുടെ പരമ്പരാഗത വൈദികാദ്ധ്യാപകരായ കോനാട്ടു മല്പാന്മാരുടെ ആസ്ഥാന ദേവാലയമാണ് പാമ്പാക്കുട വലിയപള്ളി.

താമസം. ആ ദയറായിലെ ചാപ്പലിൽ നിന്നാണ് പ. പരുമല തിരുമേനിക്ക് ഈ തിരുശേഷിപ്പ് ലഭിച്ചത്.

ഇവയെപ്പറ്റി 1895 ൽ പ്രസിദ്ധീകരിച്ച തന്റെ 'ഊർശ്ലേം യാത്രാവിവരണം' എന്ന യാത്രാവിവരണത്തിൽ പ. പരുമല തിരുമേനി ഇപ്രകാരം പറയുന്നു: "അഴിക്കകത്തു തെക്കെ ഭിത്തിയിൽ അനേകം പരിശുദ്ധന്മാരുടെ അസ്ഥികളും കർത്താവിന്റെ വിശുദ്ധ കുരിശിന്റെ തുലോം ലഘുവായ ഒരംശവും സൂക്ഷിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ പ്രത്യേക അപേക്ഷയാൽ അവയിൽ ചിലതു ബാവാ നമുക്കു തന്നു."

ഇവയടക്കം വിശുദ്ധ നാടുകളിൽ നിന്നും കൊണ്ടുവന്ന ആറ് വിശുദ്ധ വസ്തുക്കൾ പരുമല തിരുമേനി ഗുരുദക്ഷിണയായി കോനാട്ട് കുടുംബത്തിനു നൽകി. ഗുരുവായ ഗീവർഗീസ് മല്പാൻ (പിന്നീട് മാർ യൂലിയോസ് മെത്രാപ്പോലീത്താ) 1884-ൽ കാലം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമിയായ മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോർഎപ്പിസ്കോപ്പയാണ് ഇവ സ്വീകരിച്ചത്. അതീവ ഗുരുഭക്തനായിരുന്ന പ. പരുമല തിരുമേനി സ്വന്തം കൈപ്പടയിലെഴുതിയ ഒരു സുറിയാനി സുവിശേഷ പുസ്തകവും കോനാട്ടു കുടുംബത്തിന് ഇതോടൊപ്പം നൽകി.

ഈ വിശുദ്ധ വസ്തുക്കൾ സ്വീകരിച്ച മാത്തൻ മൽപ്പാൻ തന്റെ 1895-1903 കാലഘട്ടത്തിലെ വൃത്താന്തപുസ്തകത്തിൽ (നമ്പർ 54) ഈ വിവരം രേഖപ്പെടു

ത്തിയിട്ടുണ്ട്. അദ്ദേഹം തന്നെയാണ് ഇപ്പോഴത്തെ സ്ഥലത്ത് 1903-ൽ വിശുദ്ധ നിക്കോലോവാസിന്റെ തിരുശേഷിപ്പ് സ്ഥാപിച്ചതും.

പാമ്പാക്കുട വലിയപള്ളിയോളം തന്നെ പഴക്കമുള്ള പടിഞ്ഞാറെനടയിലുള്ള കുരിശടിയിലാണ് ആറു തിരുശേഷിപ്പുകൾ സ്ഥാപിച്ചിരിക്കുന്നത്. കുരിശടിയിലെ അൾത്താര പോലുള്ള ഭാഗത്ത് ദൈവമാതാവിന്റെ മുലപ്പാൽ വീണ സ്ഥലത്തെ മണ്ണ്, സ്പർനാക്ക്, ഗീവറുഗീസ് സഹദായുടെ തിരുശേഷിപ്പ് എന്നിവ വടക്കുവശത്തും, നിക്കോളസ്, ശ്മൂയേൽ, കുറിയാക്കോസ് സഹദാ ഇവരുടെ തിരുശേഷിപ്പുകൾ തെക്കുവശത്തും അടച്ച് സീൽ ചെയ്ത പേടകങ്ങളിൽ സൂക്ഷിച്ചിരിക്കുന്നത്. മൂറായുടെ എപ്പിസ്കോപ്പായായ മാർ സോഖെ എന്നാണ് ഈ പേടകത്തിൽ എഴുതിയിരിക്കുന്നത്.

കേരളത്തിൽ ക്രിസ്തുമസ് ഫാദർ എന്ന സങ്കൽപ്പം പ്രചരിച്ചത് പാശ്ചാത്യർ, വിശിഷ്യ പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യാനികളിലൂടെയാണ്. അതിനാൽ സുറിയാനി പാരമ്പര്യത്തിലൂടെ വന്ന തിരുശേഷിപ്പുമായി ആരും ബന്ധപ്പെടുത്തിയില്ല. പാമ്പാക്കുട എന്ന ഗ്രാമത്തിൽ ആരും അറിയാതെ ആ തിരുശേഷിപ്പ് ഇപ്പോഴും സ്ഥിതി ചെയ്യുന്നു.

സീൽ ചെയ്ത പേടകത്തിൽ തിരുശേഷിപ്പിന്റെ ഏതു ഭാഗമാണുള്ളതെന്ന് ആർക്കും അറിയില്ല. ആ പേടകം തുറക്കാൻ കോനാട്ടു കുടുംബത്തിന്റെ ഇന്നത്തെ പിന്തുടർച്ചാവകാശിയായ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് തയാറുമല്ല. ക്രിസ്മസ് അപ്പൂപ്പൻ കുട്ടികൾക്കു നൽകുന്ന സമ്മാനം പോലെ അതൊരു നിത്യ രഹസ്യമായി ശേഷിക്കാനാണിട.

1998 ഡിസംബർ 21-ന് പ്രസിദ്ധീകരിച്ച മലയാള മനോരമ ക്രിസ്തുമസ് സപ്ലിമെന്റിൽ ഈ ലേഖകൻ സാന്താക്ലോസിന്റെ തിരുശേഷിപ്പ് കേരളത്തിൽ എന്ന ശീർഷകത്തിൽ എഴുതിയ കുറിപ്പിലൂടെയാണ് പാമ്പാക്കുടയിലെ തിരുശേഷിപ്പിനെപ്പറ്റി ആദ്യമായി ലോകമറിഞ്ഞത്. ഈ കണ്ടെത്തൽ ദേശീയ മാദ്ധ്യമശ്രദ്ധ പിടിച്ചുപറ്റുകയും അനേക വാർത്തകളും ഫീച്ചറുകളും തുടർ വർഷങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തെങ്കിലും മലങ്കര സഭയിൽ ഇത് ഒരു ചലനവും ഉണ്ടാക്കിയില്ല. അതിനാൽത്തന്നെ പ. സഭ 2016-18 കാലഘട്ടത്തിൽ തയാറാക്കി 2018-ൽ പ്രസിദ്ധീകരിച്ച പരിശുദ്ധന്മാരുടെയും പിതാക്കന്മാരുടേയും ഓർമ്മപ്പെരുന്നാളുകൾക്കുള്ള പ്രോമിയോൻ- ഹൂത്തോമ്മാ പുസ്തകത്തിൽ ഇടംപിടിച്ചുമില്ല.



എന്നാൽ 2018-ൽ ചരിത്രം മാറിമറിഞ്ഞു. ആ വർഷം നവംബർ 30-ന് തമിഴ്നാട്ടിലെ മധുര സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ മുമ്പിൽ പുതുതായി സ്ഥാപിച്ച കുരിശടി സെന്റ് നിക്കോളാവോസിന്റെ നാമത്തിൽ മദ്രാസ് ഭദ്രാസനത്തിന്റെ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ പ്രതിഷ്ഠിച്ചു. മലങ്കര സഭയിൽ നടാടെയാണ് മെയ്റായുടെ എപ്പിസ്ക്കോപ്പയായ മാർ സോഖോ എന്ന മാർ നിക്കോളാവോസിന്റെ നാമത്തിൽ ഒരു ആരാധനാ സ്ഥലം സ്ഥാപിക്കപ്പെടുന്നത്.

കാലചക്രം വീണ്ടും തിരിഞ്ഞപ്പോൾ അടുത്ത പടിയിലെത്തി. ഇംഗ്ലണ്ടിലെ ബെഡ്ഫോർഡ്ഷെയറിലും സമീപ പ്രദേശങ്ങളിലും താമസിക്കുന്ന മുപ്പതോളം പ്രവാസി കുടുംബങ്ങൾ ചേർന്ന് മലങ്കര സഭയിൽ ഒരു പുതിയ കോൺഗ്രിഗേഷൻ രൂപീകരിച്ചു. 2023 ഒക്ടോബർ 23-ന് ഇടവക മെത്രാപ്പോലീത്ത എബ്രഹാം മാർ സ്തേഫാനോസ് E-253/AMS/2023 നമ്പർ കല്പനപ്രകാരം മാർ നിക്കോളാവോസിന്റെ നാമത്തിൽ അവർക്ക് ഒരു കോൺഗ്രിഗേഷൻ ഔദ്യോഗികമായി അനുവദിച്ചു. ഇനിമുതൽ ഡിസംബർ 6-ന് അവിടെ മാർ നിക്കോളാവോസിന്റെ ഓർമ്മപ്പെരുന്നാൾ പ്രതിവർഷം കൊണ്ടാടും.

ആസന്നഭാവിയിൽ ബെഡ്ഫോർഡ്ഷെയർ മാർ നിക്കോളാവോസ് കോൺഗ്രിഗേഷൻ സ്വതന്ത്ര ഇടവകയാകും. നസ്രാണി പാരമ്പര്യപ്രകാരം താമസിയാതെ സ്വന്തമായി പള്ളി ഉണ്ടാകും. അപ്പോഴാണ് 1895-ൽ യെറുശലേമിലെ മർക്കോസിന്റെ മാളികയിൽനിന്നും അദ്ദേഹത്തിന്റെ തിരുശേഷിപ്പ് ചോദിച്ചു വാങ്ങിയ പ. പരുമല തിരുമേനിയുടെ സ്വപ്നം സ്വാർത്ഥകമാകുന്നത്. ... അവിടേയ്ക്കു ഗോത്രങ്ങൾ, യഹോവയുടെ ഗോത്രങ്ങൾ തന്നെ യിസ്രായേലിനു സാക്ഷ്യത്തിനായി യഹോവയുടെ നാമത്തിനു സ്തോത്രം ചെയ്യുവാൻ കയറി ചെല്ലുന്നു... (സങ്കീ. 122: 4) എന്ന സ്ഥിതി വരും. ❑



ഓർമ്മപ്പെരുന്നാൾ ആഘോഷിച്ചു

മൗണ്ട് അബു: രാജസ്ഥാനിലെ മൗണ്ട് അബുവിലുള്ള 'ജ്യോതിസ് ആശ്രമ'ത്തിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ മലങ്കര മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാൾ ആഘോഷിച്ചു. ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത പെരുന്നാൾ ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. തുമ്പമൺ ഭദ്രാസനത്തിന്റെ പുതിയ ഇടയനായി ചുമതലയേറ്റ മെത്രാപ്പോലീത്തായെ ആശ്രമം മാനേജർ പൊന്നാട അണിയിച്ച് ആദരിച്ചു. ഫാ. ബിജോയ് വർഗീസ്, ഫാ. അജി കെ. ചാക്കോ, ഫാ. റിജോ രാജൻ ഉദയ്പൂർ, ഫാ. ലിജു തോമസ് തുടങ്ങിയ വൈദികർ പെരുന്നാൾ ശുശ്രൂഷകളിൽ സംബന്ധിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH
MY LORD AND MY GOD

ആഘോഷങ്ങളില്ലാതെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ 150-ാം ജൂബിലി കടന്നുപോകുന്നു

ഫാ. ഡോ. ജോസഫ് ചീരൻ

പലകാരണങ്ങളാലും ചരിത്രപരാമർശങ്ങളിലേക്ക് വേണ്ടത്ര പ്രവേശിച്ചിട്ടില്ലാത്ത ഒരു മഹൽ കഥാപാത്രമാണ് പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് രണ്ടാമൻ. അദ്ദേഹത്തിന്റെ കാലത്ത് നിർമ്മിക്കപ്പെട്ട മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻ സഭയെന്ന ഇ. എം. ഫിലിപ്പിന്റെ സഭാചരിത്രം അദ്ദേഹം ക്നാനായക്കാരനായതുകൊണ്ട്, അന്ത്യോഖ്യൻ പക്ഷപാതിത്വം കൊണ്ട് കുറെയൊക്കെ മലിനമായിത്തീർന്നു. അദ്ദേഹത്തിന് മുൻപ് ചരിത്രമെഴുതിയ ഇട്ടൂപ്പ് റൈറ്ററുടെ സഭാചരിത്രം ഗ്രന്ഥകർത്താവിന്റെ നവീകരണപക്ഷപാതിത്വം കൊണ്ട് കളങ്കപ്പെട്ടു. പിന്നീടുണ്ടായ ചരിത്രങ്ങളെല്ലാം ഈ രണ്ട് പുസ്തകങ്ങളെ ആവശ്യത്തിലേറെ ഉപജീവിച്ച് എഴുതിയതാകയാൽ വേണ്ടത്ര ഗവേഷണപരമായ പഠനങ്ങൾ ഇല്ലാത്തവയായിത്തീർന്നു. പിന്നീട് അല്പം ഗവേഷണം നടത്തി സഭാചരിത്രമെഴുതിയത് മഹത്മാവായ ഇസെഡ്.എം. പാറേട്ട് ആണ്. അദ്ദേഹത്തിന്റെ മലങ്കര നസ്രാണികൾ എന്ന പുസ്തകപരമ്പര അസുലഭമായ ഗവേഷണപഠനത്തിന്റെ ഫലമാണ്. ആ പരമ്പരയിലെ മൂന്നാമത്തെ വാല്യം അദ്ദേഹം സമർപ്പിച്ചിരിക്കുന്നത് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമന്റെ ചരിത്രമെഴുതുവാനായിട്ടാണ്. ആ ചരിത്രത്തിന്റെ ഉപസംഹാരവാക്യം താഴെ പറയും പ്രകാരമാണ്. "ഈ വിധം ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ നടത്തിയ മറ്റൊരു മെത്രാൻ നസ്രാണികൾക്ക് ഇതുവരെ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുമെന്നും തോന്നുന്നില്ല", പാറേട്ട് പുറം 30...

എന്തൊക്കെയാണ് ഏവം വിധമായ പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ച മെത്രാൻ വേറെ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുമെന്ന് തോന്നുന്നില്ല എന്ന് പാറേട്ടിനെക്കൊണ്ട് പറയിപ്പിച്ച സംഗതികൾ എന്ന് ഒരു വിഹഗവീക്ഷണം ഇവിടെ സംഗതമാണ്. ഒരു സഭാദ്ധ്യക്ഷന്റെയും ജീവചരിത്രത്തിൽ കണ്ടിട്ടില്ലാത്ത ഒരുപാട് സംഭവങ്ങൾ നിറഞ്ഞതാണ് പുലിക്കോട്ടിൽ രണ്ടാമൻ തീരുമേനിയുടെ ജീവിതം. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ മലയാളത്തിൽ, കേരളത്തിലുണ്ടായിരുന്ന നമസ്ക്കാര പുസ്തകം നവീകരിച്ച് പുതിയ നമസ്ക്കാരപുസ്തകം അച്ചടിച്ച് പ്രസിദ്ധീകരിച്ചപ്പോൾ അതിനെതിരെ കോഴിക്കോട്ട് നിന്ന് സുറിയാനി സഭയുടെ വിശ്വാസങ്ങൾക്കനുസരിച്ചുള്ള പ്രാചീന നമസ്ക്കാരപുസ്തകം അച്ചടിപ്പിച്ചതിൽ തുടങ്ങുന്നു ആ പരിഷ്ക്കാരങ്ങൾ. അക്കമിട്ടു പറയുകായണെങ്കിൽ നമ്മെ അത്ഭുതപ്പെടുത്തുന്ന അത്രയും സംഭാവനകൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്.

1. നവീകരണം ഒഴിവാക്കിയ നമസ്ക്കാരപുസ്തകം അച്ചടിപ്പിച്ച് അതിന്റെ പതിനൊന്നിലേറെ പതിപ്പുകൾ പ്രസിദ്ധീകരിച്ചു.

2. കേരളപതാക, സുറിയാനി സുവിശേഷകൻ, ഇടവകപത്രിക എന്നിങ്ങനെയുള്ള മൂന്ന് പത്രങ്ങൾ മലയാളത്തിൽ അച്ചടിച്ച് പ്രസാധനം ചെയ്തു.

3. 250-ഓളം വിദ്യാലയങ്ങൾ സ്ഥാപിച്ച് സാക്ഷരകേരളത്തിന് അടിത്തറപാകി.

4. രാജകീയ വിളംബരത്തിന്റെ പിൻബലത്തിൽ സഭാഭരണം നിർവ്വഹിച്ചിരുന്ന പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ കീഴിൽ നവീകരിച്ച ആരാധനയുടെ പിൻബലത്തിൽ പള്ളികൾ ആരാധന നടത്താൻ നിർബന്ധിതമായപ്പോൾ അവർക്കെതിരെ ഡസൻ കണക്കിന് ദേവാലയങ്ങൾ അദ്ദേഹം നിർമ്മിച്ചു.



5. കോട്ടയം വൈദികസെമിനാരി നവീകരണക്കാരുടെ കൈവശത്തിൽ പോയതിനാൽ മലങ്കരസഭയ്ക്ക് ആസ്ഥാനം നഷ്ടപ്പെട്ട കാലാവസ്ഥയായിരുന്നു അന്ന്.

6. പരുമലയിൽ സഭയ്ക്കുവേണ്ടി ഒരു പൊതു ആസ്ഥാനം സംഘടിപ്പിച്ച് അവിടെ ഒരു സെമിനാരി പണിയിച്ച് വൈദിക വിദ്യാർത്ഥികൾക്ക് പഠിക്കുവാനാവശ്യമായ സജ്ജീകരണങ്ങൾ തയ്യാറാക്കുവാൻ പരുമല ഗീവർഗ്ഗീസ് ചാത്തുരുത്തി റമ്പാനെ അങ്ങോട്ട് നിയോഗിച്ചു.

7. കൊച്ചി പനക്കൽ അയ്പൂരുവിന്റെ കമ്പോളത്തിൽ താമസിച്ചിരുന്ന അദ്ദേഹം പരുമല സ്ഥലം ലഭിച്ചതോടെ പരുമലയിൽ പണിത സെമിനാരിയിൽ താമസമാക്കുകയും തല്ക്കാലത്തേക്കെങ്കിലും മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനമായി പരുമല സെമിനാരിയെ രൂപാന്തരപ്പെടുത്തുകയും ചെയ്തു.

8. അന്ന് സെമിനാരിയും മലങ്കര മെത്രാപ്പോലീത്താ ആസ്ഥാനവുമൊക്കെ പരുമല സെമിനാരി ആയിരുന്നു. പരുമലയിലെ മാർ ഗ്രീഗോറിയോസ് അദ്ദേഹത്തിന്റെ സഹായിയായിട്ട് കൂടെ ഉണ്ടായിരുന്നു.

വിവിധ കോടതികളിൽ നവീകരണക്കാരിൽ നിന്ന് പഴയ സെമിനാരി ഒഴിപ്പിച്ചെടുക്കാൻ ധാരാളം കേസുകൾ അദ്ദേഹം നടത്തിയെങ്കിലും രാജകീയ വിളംബരത്തിന്റെ പിൻബലമുണ്ടായിരുന്ന അത്താനാസിയോസിനെതിരെ കോടതി

കളൊന്നും ഗൗരവമായി കേസുകൾ എടുത്തിരുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന് കോടതികളിലെല്ലാം പരാജയമായിരുന്നു ഫലം. വിഷാദിച്ചിരിക്കാതെ സഭയെ അഭിവൃദ്ധിപ്പെടുത്തുവാൻ വേണ്ടി അദ്ദേഹം വിദ്യാർത്ഥി പ്രസ്ഥാനം, യുവജനപ്രസ്ഥാനം, മഹാജനസഭ, വൈദീകസംഘം, സണ്ടേസ്കൂൾ പ്രസ്ഥാനം എന്നിങ്ങനെ സഭയിലെ വിവിധ പ്രവർത്തനങ്ങൾക്കായി വിവിധ പ്രസ്ഥാനങ്ങൾ ആരംഭിച്ചു.

9. വിവാഹവും മാമോദീസയും കുർബ്ബാന തക്സാനയും ഉൾപ്പെടെയുള്ള സുറിയാനി ക്രമങ്ങൾ അദ്ദേഹം സ്വന്തമായി രൂപകല്പന ചെയ്ത കല്ലച്ചിൽ തയ്യാറാക്കി **"പുലിക്കോട്ടിൽ ജോസഫ് കത്തനാർസ് പ്രസ്സ്"** എന്ന പേരുള്ള പ്രസ്സിൽ നിന്നും അച്ചടിച്ച് പ്രസിദ്ധീകരിച്ചു. അതിന്റെ കോപ്പികൾ വളരെ ദുർല്ലഭമായി ഇപ്പോഴും ലഭ്യമാണ്.

10. മലങ്കര സഭയെ സഹായിക്കാൻ വേണ്ടി പാത്രിയാർക്കീസ് അയച്ച യൂയാക്കിം മാർ കൂറിലോസ് സ്തേഫാനോസ് മാർ അത്താനായോസ്, ശെമവൂൻ റമ്പാൻ തുടങ്ങിയ ആളുകളൊക്കെ ഗ്രൂപ്പുകൾ സൃഷ്ടിക്കുവാൻ ശ്രമിച്ചപ്പോൾ അദ്ദേഹം ഗ്രൂപ്പുകൾക്ക് അതീതമായി നിന്നുകൊണ്ട് മലങ്കര സഭയെ ഒറ്റക്കെട്ടാക്കി സംഘടിപ്പിക്കുവാൻ അഹോരാത്രം അധ്വാനിച്ചു.

11. മലങ്കരസഭയിൽ പ്രഖ്യാപിത പരിശുദ്ധന്മാരായ പരുമല ചാത്തുരുത്തിൻ മാർ ഗ്രിഗോറിയോസിനും വട്ടശ്ശേരിൽ മാർ ദിവന്നാസിയോസിനും ഔപചാരികമായി സന്യാസം നൽകി റമ്പാൻ പദവിയിൽ വാഴിച്ചത് പുലിക്കോട്ടിൽ തിരുമേനിയാണ്.

12. എല്ലാ വ്യവഹാരങ്ങളും പരാജയപ്പെട്ടപ്പോൾ അദ്ദേഹം ദൈവത്തിലാശ്രയിച്ചുകൊണ്ട് പുതിയ ചില പദ്ധതികളെപ്പറ്റി സ്വപ്നം കണ്ടു. അതിലൊന്നാണ് തെക്കൻ പ്രദേശത്ത് സഭയ്ക്ക് ഒരു ആസ്ഥാനം ഉണ്ടാക്കുക എന്നതാണ്. അന്വേഷണഫലമായി പരുമലയിൽ ഒരു സുഹൃത്ത് കുറെ സ്ഥലം ദാനം ചെയ്യാൻ തയ്യാറായിരുന്നു. അത് സദയം സ്വീകരിച്ച് അവിടെ സഭയ്ക്ക് പുതിയൊരു ആസ്ഥാനം അദ്ദേഹം രൂപംകൊടുത്തു. സഭയ്ക്ക് ആസ്ഥാനം രൂപംകൊടുത്തപ്പോൾ അദ്ദേഹം ആദ്യം ചിന്തിച്ചത് സഭയ്ക്ക് ഒരു പൊതുസംഘടന ഉണ്ടാകണം എന്നായിരുന്നു. എല്ലാ പള്ളികൾക്കും പ്രാതിനിധ്യം ഉള്ള ഒരു വിപുലമായ സംഘടന അന്ന് കേരളത്തിൽ ഒരു സമുദായത്തിനും ഉണ്ടായിരുന്നില്ല. ശ്രീനാരായണഗുരു ശ്രീനാരായണ പ്രസ്ഥാനങ്ങൾക്ക് രൂപം കൊടുക്കാൻ ആരംഭിച്ചിരുന്നില്ല, ചിന്തിച്ചിരുന്നില്ല. ആ സമയത്താണ് 1870ൽ ഇദ്ദേഹം പരുമലയിൽ സെമിനാരി സ്ഥാപിച്ചതും. വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുവാനായിട്ട് പരുമല അച്ചനെ ഗീവർഗ്ഗീസ് റമ്പാച്ചനെ അതിലേക്ക് നിയോഗിച്ചതും. സമുദായത്തിന് ഒരു പൊതുസംഘടന രൂപീകരിക്കാനുള്ള പ്രതിഭാശാലിയായ അദ്ദേഹത്തിന്റെ തീരുമാനപ്രകാരം പരുമലയിൽ ഒരു അസോസിയേഷൻ അദ്ദേഹം വിളിച്ചുകൂട്ടി. ആ വിളിച്ചുകൂട്ടിയ അസോസിയേഷനിൽ വെച്ച് ചരിത്രപ്രസിദ്ധമായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, സഭാ മാനേജിംഗ് കമ്മിറ്റി എന്ന് അധികാരകേന്ദ്രങ്ങൾക്ക് അദ്ദേഹം രൂപം നൽകി. ഇന്നും സഭയുടെ അധികാരത്തിന്റെ ഏറ്റവും ഉന്നത സ്ഥാനത്ത് നിൽക്കുന്ന സംഘടന സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മാനേജിംഗ് കമ്മറ്റിയുമാണ്. ആ അസോസിയേഷനിൽ നടന്നിട്ടുള്ള കാര്യങ്ങളെപ്പറ്റിയുള്ള ചില വിവരങ്ങളാണ് ഈ ലേഖനത്തിന്റെ പ്രധാന ഉള്ളടക്കം. അതിലേക്ക് കടക്കുന്നതിന് മുമ്പ് വേറെ ചില അദ്ദേഹത്തിന്റെ മർമ്മപ്രധാനങ്ങളായ സംഭവാനകളെപ്പറ്റി പറയാൻ ആഗ്രഹമുണ്ട്.

13. അൽവാറീസ് മാർ യൂലിയോസ്, റിനി വിലാതി, തിമോത്തിയോസ് എന്നീ മെത്രാൻമാരേയും മലങ്കരസഭയുടെ ചുമതലയിൽ പട്ടം കൊടുത്ത് വാഴിച്ച് ഗോവയിലും അമേരിക്കയിലും മലങ്കരസഭയ്ക്ക് ശാഖകൾ ഉണ്ടാക്കി സഭയുടെ ചക്രവാളത്തെ വികസിപ്പിച്ചു. സാമ്രാജ്യ തലസ്ഥാനമായിരുന്ന ലണ്ടനിൽ ഭാരതസഭക്ക് മലങ്കരസഭയ്ക്ക് ഒരു പ്രതിനിധിയെ നിയമിക്കുകയും ആ പ്രതിനിധി ബ്രിട്ടൺ ഗവൺമെന്റിന്റെ ക്യാബിനറ്റിൽ മലങ്കരസഭയെ പ്രതിനിധീകരിച്ചുകൊണ്ട് പങ്കെടുക്കുകയും ചെയ്തു. ഡോ. ബാബ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ കാലത്ത് അദ്ദേഹം രൂപകല്പന കൊടുത്ത് നടപ്പിലാക്കി. കുമാരനാശാനെ ആശയഗംഭീരൻ എന്ന് പറയുന്നപ്പോലെ മലങ്കരസഭയിലെ ആശയഗംഭീരൻ ആരെന്ന് ചോദിച്ചാൽ ഒരു ഉത്തരമേയുള്ളൂ, അത് പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് രണ്ടാമനാണ്.

തികച്ചും വിഷാദത്തിൽ, നിരാശയിൽ, പരാജയത്തിന്റെ പടുകുഴിയിൽ കിടക്കുമ്പോഴാണ് 1873ൽ പരുമല അസോസിയേഷൻ അദ്ദേഹം വിളിച്ചുകൂട്ടുന്നത്. അതിനെപ്പറ്റി സഭാചരിത്രങ്ങളിൽ വേണ്ടത്ര പ്രതിപാദിച്ചിട്ടില്ല. ഇ.എം. ഫിലിപ്പ് അതിനെപ്പറ്റി എഴുതിയിട്ടില്ല. ഇട്ടൂപ്പ് റൈറ്റർ അതിനെപ്പറ്റി എഴുതിയിട്ടില്ല. എഴുതിയിട്ടുള്ളത് "മാർ ദിവന്നാസിയോസ്" എന്ന ജീവചരിത്രപുസ്തകം എഴുതിയ എം.പി. വർക്കിയാണ്. അദ്ദേഹം അത് വിവരിച്ചെഴുതിയിട്ടില്ലാത്തതുകൊണ്ടാകാം പിന്നീട് വന്ന ചരിത്രകാരന്മാർ ആ സംഭവം വേണ്ടത്ര ഗൗരവത്തിൽ കണക്കിലെടുത്തില്ല. 1800-കളിൽ കൊച്ചിയുടെ പ്രഥമ മെത്രാനായി കുന്നംകുളം ചിറളയം പള്ളിയിൽ വെച്ച് വാഴിക്കപ്പെട്ട കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദിവന്നാസിയോസ് എഴുതിവെച്ചിരുന്ന കൈയ്യെഴുത്ത് രൂപത്തിലുള്ള സഭാചരിത്രം **"കണ്ടനാട് ഗ്രന്ഥവരി"** എന്ന പേരിൽ ഈ ലേഖകൻ പ്രസിദ്ധീകരിച്ചപ്പോഴാണ് പരുമല സുന്നഹദോസിന്റെ വിശദാംശങ്ങൾ വായനക്കാർക്ക് ലഭ്യമായത്. അതിൽ പരുമലയിൽ നടന്ന യോഗത്തിന്റെ, യോഗം വിളിച്ചുകൂട്ടിയതിന്റെ നോട്ടീസ് കൊടുത്തിട്ടുണ്ട്. തീരുമാനങ്ങളുടെ മിനിട്ട്സ് കൊടുത്തിട്ടുണ്ട്. ആദ്യം രൂപീകരിച്ച മാനേജിംഗ് കമ്മിറ്റിയുടെ പേരുകൾ കൊടുത്തിട്ടുണ്ട്. വളരെ വിശദാംശങ്ങൾ കൊടുത്തിട്ടുണ്ട്.

1876ൽ മുളന്തുരുത്തിയിൽ വെച്ച് പത്രോസ് പാത്രിയർക്കീസ് ബാവയുടെ നേതൃത്വത്തിൽ ഒരു യോഗം കൂടിയെന്നത് വാസ്തവമാണ്. പക്ഷേ അത് 1873ൽ കൂടിയ പരുമല സുന്നഹദോസിനെ ദൃഢീകരിക്കുവാനും അതിലെ തീരുമാനങ്ങൾ കൂടുതൽ പള്ളികളിലേക്ക് വ്യാപിപ്പിക്കുവാനും മാനേജിംഗ് കമ്മിറ്റിയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുവാനുമൊക്കെയായിട്ട് കൂടിയ രണ്ടാമത്തെ നടപടി ആയിരുന്നു. നമുക്ക് പരുമല സമ്മേളനത്തിലേക്ക് പ്രവേശിക്കാം.

അതിന്റെ നോട്ടീസ് കല്പനയുടെ ആദ്യഭാഗം ഇപ്രകാരമാണ്.....

പരുമല സെമിനാരിയുടെ പണികൾ തീർത്തില്ലെന്ന് വരികിലും ആ സ്ഥലത്ത് എല്ലാ പള്ളിക്കാരും കൂടത്തക്കവണ്ണം വടക്കും തെക്കും ഉള്ള പള്ളികൾക്കും പ്രമാണപ്പെട്ട പട്ടക്കാർക്കും ജനങ്ങൾക്കും ആളാം പ്രതി കൽപ്പന അയച്ചു. ആയത് അദ്ദേഹത്തിന്റെ അച്ചുകൂടത്തിൽ അച്ചടിപ്പിച്ചതാകുന്നു.

പള്ളികൾക്ക് അയച്ച കൽപ്പന

"കൃപയും സമാധാനവും സദാ വർദ്ധിക്കുമാറാകട്ടെ... എന്നാൽ പ്രിയമുള്ളവരെ സർവ്വശക്തനായ ദൈവത്തിന്റെ കൃപയാൽ അന്ത്യോഖ്യായുടെ ശ്ലീഹാക്കടുത്ത സിംഹാസനത്തിൽ നിന്നും നമുക്ക് ലഭിക്കപ്പെട്ടിരിക്കുന്ന നൽവരപ്രകാരം നമ്മുടെ സഭകളെ സകല സത്യവഴികളിലും നടത്തിപ്പാലിപ്പാൻ പ്രത്യേകം നാം ഹിതപ്രകാരം വേണ്ടിയ ഗുണങ്ങളെ നമ്മുടെ സഭകളിൽ നടത്തിപ്പാലിക്കുന്നതിന് പാടില്ലാത്ത പ്രകാരം രാജാധികാരികളിൽ നിന്നും സഭാഭരണക്കാരിൽ നിന്നും നമുക്കുണ്ടായ പ്രയാസങ്ങൾ ഒക്കെയും നിങ്ങൾ അറിഞ്ഞിരിക്കുന്നുവല്ലോ? എന്നാൽ നമ്മുടെ പ്രയാസങ്ങൾക്കും അധ്വാനങ്ങൾക്കും ഇതുവരെ ഒരു ആശ്വാസം ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, നമ്മുടെ പള്ളികളിലും ജനങ്ങളിലും നാൾക്കുനാൾ വർദ്ധിച്ചുവരുന്ന മാർഗ്ഗവിരോധങ്ങളിൽ നിന്നും കലഹങ്ങളിൽ നിന്നും നാം വ്യസനിക്കുകയും ഭയപ്പെടുകയും ചെയ്യുന്നു. എന്തെന്നാൽ പ്രിയമുള്ളവരെ, ക്രിസ്ത്യാനിമതത്തിന്റെ ആരംഭകാലം മുതൽ അന്ത്യോഖ്യാ സിംഹാസനത്തിന്റെ അധികാരത്തിൽ കീഴും മറ്റും ഉൾപ്പെട്ട് അനേകം ദുഃഖങ്ങളും പീഢകളും സഹിച്ച് ഉയർച്ചയിലും താഴ്ച്ചയിലും അന്യമതക്കാരോടുള്ള സഖ്യതയിലും പോരാട്ടത്തിലും അജ്ഞാനികളിൽ നിന്നുള്ള ഉപദ്രവങ്ങളും, അനേകം ഞെരുക്കങ്ങൾ നമ്മുടെ പിതാക്കന്മാർ അനുഭവിച്ചുകൊണ്ട് ഈ വിശ്വാസത്തെ പോറ്റിയതിനാലത്രെ മുഴുവനും നശിച്ചുപോകാതെ ഇതുവരെ ഒരു പ്രത്യേക ഒരു സംഘക്കാരായി നമ്മെ കാണപ്പെടുന്നതിന് സംഗതിയായത്. ഇങ്ങനെ വീണ്ടെടുത്ത നമ്മുടെ സഭ ഇക്കാലത്ത് ഇടയനില്ലാത്ത ആടുകളെന്നപോലെയും നാഥനില്ലാത്ത പ്രജകളെപ്പോലെയും ചിന്നിച്ചിതറി തന്നിഷ്ടക്കാരായി നടക്കുന്നതിൽ നാം എത്ര സങ്കടപ്പെടുവാനുള്ളതാകുന്നു. ....

പ്രിയന്മാരെ നാം എന്തുപറയേണ്ടു നമ്മുടെ പള്ളികളിലും നടപടികളിലും കർമ്മാചാരത്തിലും ഉണ്ടായിരുന്ന ക്രമങ്ങളും ചട്ടങ്ങളും പരിധികളും ഇക്കാലത്തിൽ ഇല്ലാതെ തീർന്നിരിക്കുന്നു. പള്ളിവക മുതൽ കാര്യങ്ങൾ മിക്കവാറും നശിച്ചിരിക്കുന്നു. മക്കൾക്കുള്ള അവകാശം അന്യന്മാർക്ക് എന്ന പോലെ ആക്കിത്തീർത്തിരിക്കുന്നു. വേദസംബന്ധമായ കാര്യങ്ങൾ കഴിയുന്നതിന് എല്ലാവരും പരാശ്രയം കൂടിയേ മതിയാവൂ എന്ന് വന്നിരിക്കുന്നു. സുറിയാനിക്കാരായ നമ്മുടെ ക്രമം പോലെയും വിശ്വാസം പോലെയും നടക്കുവാൻ ഒരുങ്ങുന്ന

വർക്ക് അവരുടെ പിതാക്കൻമാരുടെ ശ്മശാന മടക്കുപോലും അർഹതയില്ലാത്തവണ്ണം ഭവിച്ചിരിക്കുന്നു. ഇപ്പോഴത്തെ ഇതുപോലുള്ള പുറപ്പാടുകളെ ഏവനെങ്കിലും നല്ലവണ്ണം സൂക്ഷിച്ചുനോക്കിയാൽ സുറിയാനിക്കാരായ നമ്മുടെ നമുക്ക് വിശ്വാസത്തെ പോറ്റുവാനുള്ള സ്വാതന്ത്ര്യം അസ്തമിച്ചിരിക്കുന്നു എന്ന് പറയാം. കലഹമില്ലാത്ത പള്ളികളില്ല, തർക്കമില്ലാത്ത കർമ്മങ്ങളുമില്ല. അയ്യോ... ഈ വിധമുള്ള നാശങ്ങളൊക്കെയും നമ്മുടെ സഭയിൽ സംഭവിച്ചിരിക്കുന്നതിനാൽ എത്ര നമ്മൾ പരിതപിക്കേണ്ടതാകുന്നു. നമ്മെ കുറിച്ചാകട്ടെ നമ്മുടെ അധികാരം ശക്തിപ്പെടേണ്ടതിനാകട്ടെ നിങ്ങൾ പരിതപിക്കുകയോ ദുഃഖിക്കുകയോ ചെയ്യണമെന്ന് നാം പറയുന്നില്ല. ക്ഷീണിക്കപ്പെട്ട നമ്മുടെ സഭയെ മുമ്പൊരിക്കൽ അന്യന്മാർ വേട്ടയാടിക്കൊണ്ടുപോയതുപോലെ ഈ കാലത്തിലും വേട്ടയാടുവാൻ പുറപ്പെട്ടിരിക്കുന്നതിൽ അകപ്പെടാതെ അവനവനാൽ കഴിയുന്നതിനെ തന്റെ സഭയുടെ രക്ഷക്കുവേണ്ടി വിചാരിച്ച് പ്രവർത്തിക്കണമെന്നാണ് അപേക്ഷിക്കുന്നത്. ഇനിയും നമ്മുടെ സഭയുടെ രക്ഷയ്ക്കുവേണ്ടി നിവൃത്തികൾക്ക് ഒരുങ്ങാതെ കണ്ണടച്ചു കളയുന്നുവെങ്കിൽ ഈ സഭയുടെ വിശ്വാസത്തിനുവേണ്ടി കഷ്ടപ്പെട്ട് ഞെരുങ്ങിയ വിശുദ്ധ പിതാക്കന്മാരുടെ നെടുവീർപ്പും കണ്ണുനീരും നമുക്കൊക്കെയും ശാപമായിത്തീരുമെന്ന് നാം ഭയപ്പെടേണ്ടിയിരിക്കുന്നു. അതുകൊണ്ട് പ്രിയമുള്ളവരെ ഇപ്പോഴത്തെ ഈ വലിയ കുഴച്ചിൽ വെച്ച് ജനങ്ങൾ അശേഷം ഭിന്നിച്ച് ചിതറുന്നതിന് മുമ്പേ ഏത് വിധമെങ്കിലും ഒരു വഴി ഉണ്ടാക്കി നമ്മുടെ ഇഷ്ടന്മാരോട് അന്വേഷിച്ച് ഈ നമ്മുടെ വിചാരം എത്രയും ആവശ്യമെന്നും അത് കഴിയുന്നിടത്തോളം എളുപ്പത്തിലായാൽ അത്രയും ഗുണമെന്ന് അവർ അഭിപ്രായപ്പെട്ടിരിക്കുന്നതിനാലും വിശേഷാൽ ഇപ്പോൾ ശുദ്ധമുള്ള നമ്മുടെ പിതാവായ പാത്രിയർക്കീസ് ബാവായിൽ നിന്ന് പ്രത്യേകിച്ച് ചില കൽപ്പനകൾ വന്നിരിക്കുന്നതിന് യോഗസമൂഹേ വാഴിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നതിനാലും ഈ മാസം 27-ന് നിരണത്തിന് സമീപം പരുമല ഇപ്പോൾ നാം പണിയിക്കുന്ന സെമിനാരി സ്ഥലത്ത് എല്ലാ പള്ളിക്കാരേയും കൂട്ടി ആലോചന കഴിക്കണമെന്ന് ദൈവത്തിൽ നാം ഇച്ഛിക്കുന്നതാകകൊണ്ട് ഒട്ടും ഉപേക്ഷ കൂടാതെ പൊതുഗുണരക്ഷയ്ക്കായിട്ട് നാം നിശ്ചയിച്ചിരിക്കുന്ന ആലോചനായോഗത്തിന് നിങ്ങൾ യോഗമായി വന്നെത്തുവാൻ നമ്മുടെ ആശാബന്ധമാകുന്ന ഈശോമശിഹാ മൂലം വളരെ വ്യസനത്തോടും കൂടി നാം അപേക്ഷിക്കുന്നു.”

ഏതാനും ഖണ്ഡികൾക്ക് ശേഷം കണ്ടനാട് ഗ്രന്ഥവരിയിൽ ഇപ്രകാരം തുടരുന്നു:

“കൽപ്പനപ്രകാരം മേൽ എഴുതിയ തിയതിക്ക് വടക്കും തെക്കുമുള്ള മിക്ക പള്ളിക്കാരും കൂടി വടക്കേ ദിക്കിൽ നിന്ന് വടക്കൻ പറവൂർ, കണ്ടനാട്, കോതമംഗലം രണ്ടും വടകര, ആരക്കുന്നം പിറവം, മുളക്കുളം കോലഞ്ചേരി നടമേൽ ന്ത്രായി ഇവർ മാത്രമേ പോകാതിരുന്നുള്ളൂ. എകദേശം തെക്കു നിന്നും വടക്കുനിന്നുമായി 80-ൽ അധികം പള്ളിക്കാർ കൂടിയപ്രകാരം ആകുന്നു എന്ന് അറിയുന്നത്.”

യോഗത്തിൽ തീരുമാനിക്കുവാനുള്ള കാര്യങ്ങൾ അവതാരകനായ പുലിക്കോട്ടിൽ തിരുമേനി ഇപ്രകാരം സംക്ഷേപിക്കുന്നു.


ഒന്നാമത്, മെത്രാൻമാർ തമ്മിലുള്ള വഴക്കുകൾക്ക് നിവൃത്തി ഉണ്ടാകേണ്ടതിന്

രണ്ടാമത്, മെത്രാൻമാർ തമ്മിലുള്ള വഴക്ക് നിമിത്തവും ഏകനായകത്തിന്റെ ബലം ഹേതുവാലും മേലാൽ സഭക്ക് ദോഷം സംഭവിക്കാതെ ഇരിക്കേണ്ടതിന്

മൂന്നാമത്, സുറിയാനി സമൂഹത്തിന്റെ ക്ഷേമാഭിവൃദ്ധികൾ സ്ഥിരങ്ങളായി ഇരിക്കേണ്ടതിനും ഉത്തമമായ മാർഗ്ഗങ്ങൾ എന്തെന്ന് ആലോചിച്ച് അവക്ക് വേണ്ടുന്ന പരിഹാരങ്ങൾ ഉറപ്പിക്കുന്നതിനായിട്ട് ഈ യോഗത്തെ വിളിച്ച് കൂട്ടിയിരിക്കുന്നു.

കണ്ടനാട് ഗ്രന്ഥവരിയിലൂടെ ഇന്ന് നമുക്ക് ലഭ്യമായിട്ടുള്ള നമ്മുടെ ആദ്യ അസോസിയേഷൻ പരുമലയിൽ നടത്തിയപ്പോഴുള്ള യോഗ മിനിറ്റ്സുകളിലെ വിവരങ്ങളാണ് ഇനി പറയുന്നത്.

ഒന്നാമത് നിശ്ചയം: സർക്കാരിന്റെ അധികാരത്തോടുകൂടെ ഈ സഭയിൽ ഏതാനും പള്ളികളെ ഇപ്പോൾ ഭരിച്ചുവരുന്ന മെത്രാപ്പോലീത്തായുടെ പേരിൽ അനേകം തെറ്റുകൾ ഉണ്ടെന്നും പാത്രിയാർക്കീസ് ബാവായുടെ മുടക്കുകൾ ഉള്ളതിനാൽ അദ്ദേഹത്തേയും കാനോനാ വിധിക്ക് വിരോധമായി അദ്ദേഹത്താൽ ഉണ്ടാക്കപ്പെട്ട രണ്ട് മെത്രാൻമാരേയും മെത്രാൻമാരായി കൈക്കൊള്ളുവാൻ സഭയ്ക്ക് പാടില്ലെന്നും അദ്ദേഹത്തിന് പകരം പാത്രിയാർക്കിസ് ബാവായിൽ നിയമിക്കപ്പെട്ടിരിക്കുന്ന മെത്രാപ്പോലീത്തായെ നമ്മുടെ മെത്രാപ്പോലിത്താ ആയി സ്വീകരിക്കേണ്ടത് ന്യായമെന്ന് കാണുന്ന സ്ഥിതിക്ക് യോഗക്കാർ ഒരാളെ ത്യജിക്കുകയും മറ്റൊരാളെ സ്വീകരിക്കുകയും ചെയ്യുന്നതിന് മുൻപിൽ അങ്ങനെ ഉടനടി ചെയ്യുന്ന പക്ഷം ഇപ്പോൾ ഉള്ളതിലും വലിയ കലഹങ്ങൾക്കും അധികമായ അകൽച്ചകൾക്കും ഇടവരുമെന്ന് ഊഹിക്കപ്പെടാവുന്നതാകകൊണ്ട് അങ്ങനെ വരാതിരിപ്പാൻ വേണ്ടി ഭിന്നിക്കപ്പെട്ടിരിക്കുന്ന മെത്രാൻമാരേയും അവരുടെ പക്ഷക്കാരേയും തമ്മിൽ യോജിപ്പിക്കേണ്ടതിന് കഴിവുണ്ടോ എന്നും അല്പം കൂടി താമസിക്കേണ്ടത് യുക്തമല്ലയോ എന്നും ആലോചിക്കേണ്ടത് ന്യായമല്ലയോ എന്നും തോന്നുന്നു. പാത്രിയാർക്കീസ് ബാവ സഭയുടെ യോജിപ്പിന് നാം ചെയ്യുന്ന യത്നത്തെ സന്തോഷത്തോടെ കൈക്കൊള്ളുമെന്ന് വിശ്വസിക്കപ്പെടാവുന്നതാകയാൽ മാർ അത്താനാസ്യോസ് തങ്ങളുടെ തെറ്റുകളെ ഏറ്റുപറഞ്ഞ് അന്ത്യോഖ്യാ പാത്രിയർക്കീസിനെ മലയാളത്തെ സുറിയാനിക്കാരുടെ വേദത്തലവനായി അംഗീകരിച്ച് അദ്ദേഹത്തിന്റെ വരുതിയിൽ ഇരുന്നുകൊള്ളുവാനും ഈ യോഗം നിശ്ചയിക്കപ്പെടുന്നവയെ സമ്മതിപ്പാനും മനസ്സുണ്ടോ എന്നറിയുവാൻ വേണ്ടി ഒരു ഡെപ്യൂട്ടേഷൻ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അടുക്കൽ അയക്കുകയും അദ്ദേഹം നല്ലവണ്ണം ആലോചന ചെയ്ത് മറുപടി തരുന്നതിനും അപേക്ഷിച്ചതിന് ശേഷം കീഴ്വഴക്കത്തിന്റെയും സമാധാനത്തിന്റെയും ഉറപ്പുവരുത്തുന്നതായ ഒരു മറുപടി അദ്ദേഹത്തിൽ നിന്ന് ഉണ്ടാകുന്നപക്ഷം പത്രിയാർക്കീസ് ബാവായുടെ സമ്മതം വരുത്തി എല്ലാ മെത്രാൻമാരും യോഗക്കാരും കൂടി വാഴ്ച്ച മുതലായതിന്റെ ക്രമങ്ങളെ നിശ്ചയപ്പെടുത്തുകയും അനുസരണക്കേടിന്റെ ലക്ഷണമായിരുന്നാൽ പാത്രിയാർക്കീസ് ബാവയുടെ കൽപന പ്രകാരുമുള്ള മെത്രാപ്പോലീത്തായെ സുറിയാനിക്കാരുടെ ന്യായമായിട്ടുള്ള മെത്രാപ്പോലീത്താ ആയിട്ട് അംഗീകരിപ്പാനും അതിൽ വണ്ണം സ്ഥിരപ്പെടുത്തി തരുന്നതിന് സർക്കാരോട് അപേക്ഷിക്കുകയും ചെയ്യണമെന്ന് ഒരു നിശ്ചയം യോഗക്കാർ സ്ഥിരപ്പെടുത്തേണ്ടത് എല്ലാവിധത്തിലും യുക്തമെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു.”



രണ്ടാമത് നിശ്ചയം: മേലധ്യക്ഷന്മാരുടെ ഏകനായകത്വത്തിന്റെ ശക്തിക്ക് എതിരായ ശക്തി മലയാളത്തെ സഭക്ക് ഇല്ലായ്മ നിമിത്തം സഭക്ക് അധികമായ ദോഷം സംഭവിച്ചിട്ടുള്ളതാകയാൽ ആ ദോഷത്തെ ഒഴിക്കുന്നതിന് മേലധ്യക്ഷന്മാരും പട്ടക്കാരും ജനങ്ങളും തമ്മിൽ ഒരുമിപ്പിന്റെയും യോജ്യതയുടേയും ബന്ധങ്ങളെ ഉറപ്പിക്കുന്നതിന് വേണ്ടി മലയാളത്തുള്ള സുറിയാനിക്കാരുടെ മതസംബന്ധമായും സാമൂഹ്യസംബന്ധമായും മറ്റു ഉള്ള സകല വിഷയങ്ങളെയും ഗുണാധികാരം വർദ്ധിപ്പാൻ തക്ക പ്രവർത്തികളെ സ്വാതന്ത്ര്യവും അധികാരവും ഉള്ള ഒരു കൂട്ടത്തെ നിശ്ചയിക്കുകയും അതിന് പ്രത്യേകം ഒരു പേർ വിളിക്കപ്പെടുകയും ചെയ്യേണ്ടതാകുന്നു എന്ന് യോഗത്തിന്റെ ആലോചനക്കായി ഞാൻ അഭപ്രായപ്പെടുന്നു. ഈ അസോസിയേഷന്റെ സാധ്യം അതിനായി ഒരുക്കപ്പെട്ടിരിക്കുന്ന ഭാവി മംഗലത്തിൽ ചുരുക്കമായി ലഭിച്ചിരിക്കുകയാൽ അതിന് യോഗത്തിന്റെ അറിവിലായി വായിക്കുന്നു.

(ഇവിടെ ഭാവിമംഗലം വായിക്കുന്നു) അഭിപ്രായക്കാരും കൂട്ടഭിപ്രായക്കാരും.

മൂന്നാമത് നിശ്ചയം: അസോസിയേഷനിലെ ഒരു മെമ്പറിന്റെ അവകാശവും അധികാരവും എല്ലാ പള്ളികൾക്കും സിദ്ധിക്കേണ്ടത് ആവശ്യമാകയാൽ എല്ലാ പള്ളികളിൽ നിന്നും ഒരു മെമ്പറിന്റെ പ്രവേശനഫീസ് വാങ്ങി വികാരിയെ മെമ്പർ ആയി കൈക്കൊള്ളുവാൻ ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു. അഭിപ്രായക്കാരൻ ..... കൂട്ടഭിപ്രായക്കാരൻ.....

നാലാമത് നിശ്ചയം: സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ ചേരുന്നവരിൽ നിന്നുണ്ടാകുന്ന മുതല് കൂടാതെ പൊതുഗുണത്തിനു വേണ്ടി ഒരു ധർമ്മശേഖരം കൂടി ആവശ്യപ്പെട്ടിരിക്കുകയാൽ എല്ലാവരും അതിങ്കൽ മനസ്സ്

വച്ച് അവനവന്റെ മനസ്സിനും പ്രവൃത്തിക്കും ഒരുപോലെയുള്ള ദ്രവ്യം കൊണ്ട് സമൂഹത്തിന്റെ ഗുണീകരണത്തെ പ്രതി നല്ല വേലയ്ക്ക് ശ്രമിക്കുന്നവരുടെ ആന്തരത്തെ സഹായിക്കണമെന്ന് ഒരപേക്ഷ ഉണ്ടാവാനും അങ്ങനെ കൊടുക്കുന്നവരെ ക്ലാസ്സ് തിരിച്ച് ഓരോ ക്ലാസിൽ ചേർത്തിട്ട് അവർക്ക് ധർമ്മശേഖരത്തിന്റെ സ്ഥലവിശേഷങ്ങളിൽ നിന്നുള്ള ഓരോ അവകാശക്രമങ്ങളെ നിശ്ചയിക്കേണ്ടതാകുന്നു. എന്നും യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു. അഭിപ്രായക്കാരൻ... കൂട്ടഭിപ്രായക്കാരൻ...

അഞ്ചാമത് നിശ്ചയം: സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ ചേർന്ന എല്ലാവരും കൂടെക്കൂടെ ഒന്നിച്ചു കൂടുന്നതിനും കാര്യാദികൾ നടത്തുന്നതിനും വളരെ പ്രയാസമുള്ളതാകയാൽ അവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവരായി കാര്യാദികൾ നടത്തുന്നതിന് ശേഷിയുള്ളവരായി നാലു പട്ടക്കാരെയും എട്ട് അയ്മേനികളെയും കമ്മട്ടിക്കാരായി നിശ്ചയിക്കേണ്ടതാകുന്നു എന്ന് യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു. അഭിപ്രായക്കാരൻ... കൂട്ടഭിപ്രായക്കാരൻ...

ആറാമത് നിശ്ചയം: കമ്മട്ടിക്കാർക്ക് സമ്മതമുള്ള ഒരാളെ സെക്രട്ടറി ആയിട്ടും മറ്റൊരാളെ മുതൽപിടി ആയിട്ടും നിശ്ചിയിക്കുന്നതിനും അസോസിയേഷൻ സംബന്ധമായ സകല എഴുത്തുകുത്തുകളും ആധാരപ്രമാണങ്ങളും കണക്കുകളും സെക്രട്ടറി കൈവശം വെച്ച് സൂക്ഷിക്കുവാൻ തക്കവണ്ണവും പണച്ചുമതലയ്ക്ക് മുതൽപിടി ബാധ്യസ്ഥാനി ആയിരിപ്പാൻ തക്കവണ്ണവും ഒരു നിശ്ചയത്തെ ഉറപ്പിക്കുന്നതിന് യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു. അഭിപ്രായക്കാരൻ... കൂട്ടഭിപ്രായക്കാരൻ...

എട്ടാമത് നിശ്ചയം: സുറിയാനി സമൂഹത്തിന് അവരുടെ പള്ളി വകയ്ക്കായിട്ടും, പൊതുവകയായും ഉള്ള മുതലിലും രക്ഷാകർത്താക്കൾ എന്ന പോലെ സമൂഹസംബന്ധമായും മതസംബന്ധമായും മറ്റുമുള്ള സംഗതികളിലും ഇപ്പോൾ ഉള്ള ശട്ടങ്ങളെ ഭേദപ്പെടുത്തുന്നതിനും പുതിയ പ്രമാണങ്ങളെ ഏർപ്പെടുത്തുന്നതിനും പുതുകാര്യങ്ങളിൽ തർക്കപ്പെടുന്നതിൽ വ്യവഹാരങ്ങൾ നടത്തുന്നതിനും മറ്റുമുള്ള അധികാരം ഈ കമ്മട്ടിക്കാർക്ക് ഉണ്ടായിരിക്കണമെന്ന ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു. ആമ്മീൻ പറഞ്ഞു.

ഒമ്പതാമത് നിശ്ചയം: ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസങ്ങൾ വർദ്ധിക്കുന്നതിന് വേണ്ടി ഉള്ള പഠിത്തവീടുകൾ പണിയിക്കുന്നതിനും പൈതങ്ങൾക്ക് അറിവുണ്ടാകത്തക്ക പുസ്തകങ്ങൾ അച്ചടിക്കുന്നതിനും ഇംഗ്ലീഷ്, സുറിയാനി, മലയാളം ഈ മൂന്ന് ഭാഷ പഠിപ്പിപ്പാൻ യോഗ്യന്മാരായ പരദേശക്കാരെയോ നാട്ടുകാരെയോ വാധ്യാന്മാരായി ഏർപ്പെടുത്തി പഠിത്തം നടത്തിക്കുന്നതിനും അതുപോലെയുള്ള മറ്റു ധർമ്മപ്രവൃത്തികൾ നടത്തിക്കുന്നതിനും ആ വകയ്ക്കു ജനങ്ങളിൽ നിന്ന് വേണ്ടുന്ന മുതല് ഈടാക്കത്തക്ക മാർഗ്ഗങ്ങളെ ക്രമപ്പെടുത്തുന്നതിനും ശേഖരപ്പെട്ടു വരുന്ന മുതലിന് വട്ടി വരുത്തി ദുർവ്യയം വരാതെ ചിലവിടുന്നതിനും കമ്മട്ടിക്കാർ ചുതമലക്കാരായി ഇരിക്കണമെന്നും ഒരു നിശ്ചയം യോഗക്കാരുടെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു.

പത്താമത് നിശ്ചയം: ആൺപൈതങ്ങൾക്കും പെൺപൈതങ്ങൾക്കും പഠിക്കുന്നതിന് പഠിത്തവീടുകൾ എല്ലാ ഇടവകകളിലും കാലക്രമം കൊണ്ട് സ്ഥാപിക്കേണ്ടത് ആവശ്യമാകയാൽ അങ്ങനെ ഉള്ള പണികൾ പള്ളികളിൽ നിന്നോ പൊതുവകകളിൽ നിന്നോ യുക്തം പോലെ ചിലവു ചെയ്ത് പണിയിക്കുന്നതിന് കമ്മറ്റിക്കാർ ദൃഷ്ടി വയ്ക്കേണ്ടതിന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു.

പതിനൊന്നാമത് നിശ്ചയം:കേടു ഭവിച്ചിട്ടുള്ള പള്ളികളുടെ അറ്റകുറ്റം തീർക്കുന്നതിനും ഈ പള്ളികളിൽ പള്ളിക്കൂടം പണിയിക്കുന്നതിനും ഇടവകകാർക്ക് പ്രയാസമായി വരുന്നപക്ഷം പൊതുമുതലിൽ നിന്ന് ആ വക പണികൾ നടത്തിക്കൊടുക്കുകയും അങ്ങനെ ചിലവിടുന്ന മുതലിന്റെ പലിശ ആ ഇടവകക്കാരിൽ നിന്ന് വസൂലാക്കുവാൻ തക്ക ഉറപ്പുകൾ വരുത്തികൊള്ളുന്നതിന് കൂടെ കമ്മട്ടിക്കാർക്ക് അധികാരമുണ്ടായിരിക്കുമെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു.

പന്ത്രണ്ടാമത് നിശ്ചയം: സുറിയാനിക്കാരുടെ സമൂഹസംബന്ധമായ കാര്യങ്ങളെ നടത്തുന്നതിന് ചുമതലക്കാരായി ഒരു അസോസിയേഷൻ എന്ന കൂട്ടത്തെയും അതിൽ ഒരു കമ്മട്ടിയെയും സ്ഥിരപ്പെടുത്തിയിരിക്കുന്ന മുറയ്ക്ക് പള്ളിവക മുതല് കാര്യങ്ങളെപ്പറ്റി ഇപ്പോൾ സ്ഥിരപ്പെടുത്തിയിരിക്കുന്ന മുറയ്ക്ക് പള്ളിവക മുതൽ കാര്യങ്ങളെപ്പറ്റി ഇപ്പോഴുള്ള തർക്കങ്ങളെപ്പോലെ മേലാലും തർക്കങ്ങൾ ഉണ്ടാവാതെ ഇരിപ്പാനും ആ വക മുതൽ കാര്യങ്ങൾ ഇടവകക്കാരുടെയും സമൂഹക്കാരുടെയും പൊതുഗുണത്തിന് ഉപയോഗപ്പെടുവാനും വേണ്ടി (1) എല്ലാ പള്ളികളിലെയും വസ്തുക്കൾക്കും സാമാനങ്ങൾക്കും ഇരിപ്പു മുതലിനും ഉള്ള കണക്കുകളുടെ ഓരോ പകർപ്പുകൾ തൽക്കാലമുള്ള കൈക്കാരന്മാരും വികാരിമാരും കൂടെ മെത്രാപ്പോലീത്തായ്ക്കും കമ്മട്ടിക്കാർക്കും കൊടുക്കുന്നതിനും (2) പള്ളികളിൽ ആണ്ടടക്കം വരവ് ചെലവിനുള്ള തിരട്ടുകളുടെ പകർപ്പ് അന്നന്നുള്ള കൈക്കാരന്മാരും വികാരിമാരും കൂടി മേൽപ്രകാരം മെത്രാപ്പോലീത്തായ്ക്കും കമ്മട്ടിക്കാർക്കും അയയ്ക്കേണ്ടതിനുള്ള ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു.

പതിമൂന്നാമത് നിശ്ചയം: വിദ്യാഭ്യാസ വർദ്ധനയ്ക്കും അഭിവൃദ്ധിക്കും സഹായി ആളായി ബാലവിവാഹം മുതലായി ആയ ചില നടപ്പുകളെ നിർത്തൽ ചെയ്യുന്നതിനും മാമ്മൂദീസാ, വിവാഹം, ശവമടക്ക് ഇവകളുടെ സൂക്ഷ്മമായ കണക്ക് പള്ളികൾതോറും പുസ്തകങ്ങളിൽ പതിച്ച് സൂക്ഷിച്ചും ആ കണക്കിന്റെ പകർപ്പുകൾ കമ്മട്ടിക്കാർക്ക് കൊടുത്തയയ്ക്കുകയും ചെയ്യുന്നതിന് മെത്രാപ്പോലീത്താ മുഖാന്തിരം വികാരിമാരെ ചട്ടംകെട്ടുന്ന ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു.

പതിനാലാമത് നിശ്ചയം: സുവിശേഷ പ്രാബല്യത്തിന് വേണ്ടിയുള്ള യത്നങ്ങളിൽ സുറിയാനിക്കാർക്ക് ഉണർച്ച ഉണ്ടാവാൻ വേണ്ടി പുറജാതികളുടേയും തെറ്റു വിശ്വാസികളുടേയും ഇടയിൽ ദൈവവചനം പ്രസംഗിപ്പാനും മനസ്സ് തിരിപ്പിപ്പാനും പ്രാപ്തിയും യോഗ്യതയുമുള്ള പട്ടക്കാരെയും പ്രമാണികളെയും ഏർപ്പെടുത്തുന്നതിനും അവർക്ക് ശമ്പളത്തിന് മുതലുണ്ടാകേണ്ട മാർഗ്ഗങ്ങളെ ക്രമപ്പെടുത്തുന്നതിന് കമ്മട്ടിക്കാർ ചുമതലക്കാർ ആയിരിക്കേണ്ടതെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു.

പതിനഞ്ചാമത് നിശ്ചയം: മതസംബന്ധമായും സാമൂഹ്യസംബന്ധമായുമുള്ള കാര്യങ്ങൾ ഈ കാലംവരെ കീഴ്മര്യാദയെ മറന്ന് പ്രമാണമാക്കി ജനങ്ങൾ നടന്ന് വരുന്നതിനാൽ ആ മര്യാദകളുടെ ഗുണദോഷത്തെപ്പറ്റി പലപ്പോഴും വളരെ തർക്കങ്ങൾ ഉണ്ടാകുന്നത് ഒഴിപ്പാൻ വേണ്ടി മലയാളത്തിലുള്ള സുറിയാനിക്കാരുടെ നടപടിക്ക് ഉപയോഗപ്പെടുന്ന കാനോനാകളെ സുറിയാനിയിൽ നിന്ന് പഠിത്തമുള്ള മല്പാന്മാർ മുഖാന്തിരം പരിഭാഷപ്പെടുത്തി അവയെയും അവയോടു കൂടി ആവശ്യപ്പെടുന്ന മറ്റു വിധികളെയും ജനങ്ങളുടെ അറിവിനും നടത്തയ്ക്കുമായി പ്രസിദ്ധം ചെയ്തിരിക്കുന്നതിനും അതുപോലെ തന്നെ വേദകാര്യങ്ങളിൽ ജനങ്ങൾക്ക് അറിവുണ്ടാവാൻ തക്ക വേദസംബന്ധമായ പുസ്തകങ്ങളെയും ചരിത്രങ്ങളെയും സുറിയാനിയിൽ നിന്ന് പൊരുൾ തിരിപ്പിച്ച് പുതിയ പുസ്തകങ്ങളെ ചമപ്പിച്ച് ജനങ്ങളുടെ ഇടയിൽ പരത്തുന്നതിന് കമ്മട്ടിക്കാർ ദൃഷ്ടി വയ്ക്കുന്നതുമല്ലാതെ ചുമതലക്കാരുമായിരിക്കണമെന്ന ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു.

പതിനാറാമത് നിശ്ചയം: സുറിയാനിസഭയെ ഓരോരോ കാലങ്ങളിൽ ഭരിക്കുന്ന മേലധ്യക്ഷന്മാർ കാലം കഴിയുമ്പോൾ പിൻവാഴ്ച്ചയ്ക്ക് കാനോനാ വിധി പ്രകാരമുള്ള കൈവെപ്പോടു കൂടി മറ്റൊരാൾക്ക് സ്ഥാനം പ്രാപിപ്പാൻ ചിലപ്പോൾ സംഗതി വരാതെ തർക്കങ്ങൾക്കും ഇടർച്ചകൾക്കും ഇടവന്നിട്ടുള്ളതാകയാൽ മേലാൽ അതിൻവണ്ണം വരാതെ ഇരിപ്പാൻ തക്കവണ്ണം പട്ടക്കാരിൽ പഠിപ്പും പ്രാപ്തിയുമുള്ള രണ്ടുപേർ സമൂഹച്ചിലവിന്മേൽ പാത്രിയർക്കീസ് ബാവായുടെ അടുക്കൽ താമസിക്കുകയും മലയാളത്ത് മെത്രാപ്പോലീത്തായുടെ സ്ഥാനം ഒഴിവ് വരുമ്പോൾ അവരിൽ ഒരാൾ അദ്ദേഹത്തിന്റെ തൃക്കൈ കൊണ്ടുള്ള കൈവെപ്പോടു കൂടി സ്ഥാനമേറ്റു വരുവാൻ തക്കവണ്ണം ചട്ടംകെട്ടുകയും അസോസിയേഷന്റെ സമ്മതത്തോടുകൂടി അല്ലാതെ വരുന്നവരെ മേലാൽ മെത്രാൻമാരായിട്ട് കൈക്കൊള്ളുകയില്ലെന്ന് ഉറപ്പിക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു.

പതിനേഴാമത് നിശ്ചയം: മെത്രാപ്പോലീത്തായ്ക്കു ആലോചനയ്ക്കും സഹായത്തിനുമായി ഒരു അർക്കദിയാക്കോനെ കൂടെ നിയമിച്ചാൽ മതസംബന്ധമായ കാര്യങ്ങൾ എളുപ്പമായി നടക്കുന്നതാകകൊണ്ടും മെത്രാപ്പോലീത്തായ്ക്കും അസോസിയേഷനും സമ്മതമുള്ള ഒരാളെ ആ സ്ഥാനത്തിൽ ആക്കണമെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സമകാലികം

അബിഗേലിന്റെ തിരോധാനവും, കണ്ടെത്തലും: വേറിട്ട ചിന്തകൾ

ഫാ. ഡോ. ജോസ് ജോൺ, കടമ്പനാട്

കൊല്ലം ഓയൂർ സ്വദേശികളായ റെജിയുടെയും സിജിയുടേയും മകൾ അബിഗേലിന്റെ (6) തിരോധാനവും കണ്ടെത്തലും മലയാളക്കരയാകെ ചർച്ചാവിഷയമായ ഒരു സംഭവമായിരുന്നുവല്ലോ. 2023 നവംബർ 27 വൈകിട്ട് 4.30–ന് സഹോദരനോടൊപ്പം ട്യൂഷൻ കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുകയായിരുന്ന അബിഗേലിനെ അജ്ഞാത സംഘം തട്ടിക്കൊണ്ടുപോയി എന്ന വാർത്ത വളരെ വേദനയോടെയാണ് മലയാളക്കരയാകെ പടർന്നു പന്തലിച്ചത്.

ആറു വയസ്സ് മാത്രം പ്രായമുള്ള ഒന്നാം ക്ലാസ് വിദ്യാർത്ഥിനിയായ അബിഗേൽ അജ്ഞാതസംഘത്തിന്റെ കെണിയിൽപ്പെട്ട് ഏകദേശം 20 മണിക്കൂറോളം മാതാപിതാക്കളിൽ നിന്നും കുടുംബത്തിൽ നിന്നും അകന്നു കഴിയേണ്ടി വന്നു. ഈ പിഞ്ചു ബാലികയുടെ തിരോധാനവും കണ്ടെത്തലും ചില വേറിട്ട ചിന്തകൾ നമ്മുടെ ആധ്യാത്മിക ജീവിതത്തിൽ നൽകുന്നുണ്ട്. അബിഗേൽ എന്ന പിഞ്ചുബാലികയുടെ നാടകീയമായ നാടുകടത്തിലും കണ്ടെത്തിലും നമുക്ക് നമ്മുടെ ആത്മീയ ജീവിതത്തിൽ നൽകുന്ന ചില സന്ദേശങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിക്കാം. അബിഗേൽ എന്നതിന് സന്തോഷത്തിന്റെ ഉറവിടം എന്നർത്ഥം.

1. അപകടങ്ങൾ സന്തതസഹചാരികളാണ്

അബീഗേൽ വളരെ സന്തോഷത്തോടെ തന്റെ ഭവനത്തിലേക്ക് സഹോദരനോടൊപ്പം യാതൊരുവിധമായ ആശങ്കകളും ഇല്ലാതെ സുരക്ഷിത എന്ന ബോധത്തിൽ സഞ്ചരിക്കുമ്പോൾ അപ്രതീക്ഷിതമായി അജ്ഞാത സംഘം അവളെ തട്ടിക്കൊണ്ടു പോവുകയായിരുന്നു. താൻ അറിയാതെ അജ്ഞാത സംഘത്തിന്റെ കെണിയിൽ അകപ്പെട്ട അബീഗേൽ നമ്മുടെ ജീവിതത്തിൽ നൽകുന്ന സന്ദേശം നമുക്ക് ചുറ്റും എപ്പോഴും അപകടങ്ങളുടെ സാധ്യതകൾ ഉണ്ടെന്നുള്ളതാണ്. അപകടങ്ങളും പ്രതിസന്ധികളും നിർലോഭം നമുക്ക് ചുറ്റും ഉള്ളതിനാൽ നാം എല്ലായിപ്പോഴും ജാഗരൂകരായിരിക്കണം എന്ന് ദൈവ വചനം നമ്മെ പഠിപ്പിക്കുന്നു. ആധ്യാത്മിക ജീവിതത്തിൽ അലസതകളും ജാഗ്രത ഇല്ലായ്മയും പലപ്പോഴും പിശാചിൻറെ കെണികളിലും മോഹവലയങ്ങളിലും നമ്മെ കൊണ്ടെത്തിക്കാറുണ്ട് അത്തരം അപകടസാധ്യതകളും ദുഷ്ട മനുഷ്യരുടെ കണ്ണികളും നമുക്ക് ചുറ്റുമുള്ളപ്പോൾ വേണ്ടത്ര ജാഗ്രത നമ്മുടെ ആധ്യാത്മിക ജീവിതത്തിൽ അത്യന്താപേക്ഷിതമാണ് അബിഗേൽ വളരെ സന്തോഷവതിയായി സുരക്ഷിത ബോധത്തോടെ സ്വഭാവനത്തിലേക്ക് പോകുമ്പോൾ ആയിരുന്നുവല്ലോ അപകടം ജീവിതത്തിൽ വന്നു പതിച്ചത് ഇത്തരം സാഹചര്യങ്ങൾ നമ്മുടെ ജീവിതത്തിലും വന്നുഭവിക്കാൻ സാധ്യതയുണ്ട്. നിനച്ചിരിക്കാതെ നാം വിചാരിക്കും മുമ്പ് അപകടങ്ങളും പ്രതികൂലതകളും നമ്മുടെ ആധ്യാത്മിക ജീവിതത്തിലും ലൗകിക ജീവിതം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ജാഗ്രതയോടു കൂടി നമ്മുടെ ജീവിതത്തെ മുന്നോട്ടു നയിക്കുവാൻ നമുക്ക് സാധിക്കണം.

2. അപകടങ്ങളിൽ താങ്ങും കരങ്ങൾ നമുക്കുണ്ട്.

നവംബർ 27 തിങ്കളാഴ്ച വൈകിട്ട് 4.30–ന് അജ്ഞാത സംഘത്തിന്റെ കെണിയിൽ അകപ്പെട്ട് നവംബർ 28 ചൊവ്വാഴ്ച ഉച്ചയ്ക്ക് ഒന്നര മണിക്കാണ് അബിഗേൽ മോചിതയായത്. ഈ സമയം അത്രയും അജ്ഞാത സംഘത്തിലും അജ്ഞാതരുടെ ഇടയിലും ആയിരുന്നിട്ടും ആ പിഞ്ചുബാലിക അറിയാതെ തന്നെ അനേകർ അവളുടെ രക്ഷയ്ക്കായും അവളുടെ മോചനത്തിനായും നിരന്തരം പ്രയത്നിച്ചുകൊണ്ടിരുന്നു. പ്രാർത്ഥനകളും പ്രയത്നങ്ങളും അബിഗേൽ അറിയാതെ ജാതിമത വർഗ്ഗ വർണ്ണ ഭേദമെന്ന മലയാളക്കരയിലെ എല്ലാ മനുഷ്യസ്നേഹികളും അവളുടെ മോചനത്തിനായി പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്തു.



വിവിധതരത്തിൽ മനുഷ്യസ്നേഹികളായ മലയാളികൾ പിഞ്ചുബാലികയുടെ, തങ്ങളുടെ പിഞ്ചോമനയെ തങ്ങളുടെ കുഞ്ഞനുജത്തി തങ്ങളുടെ പ്രിയമകളെ വേഗത്തിലും എളുപ്പത്തിലും ആരോഗ്യത്തോടെ ലഭിക്കുവാൻ നിരന്തരം യജ്ഞിച്ചുകൊണ്ടേയിരുന്നു. വീഴ്ചകളിൽ പെട്ടുപോകുന്ന അപകടങ്ങളിൽ വീണുപോകുന്ന നമ്മെയും നാമറിയാതെ നിരന്തരം ദൈവം തന്റെ കരങ്ങളിൽ വഹിക്കുന്നുണ്ട് സർവ്വത്തെയും കാണുന്ന അറിയുന്ന നിയന്ത്രിക്കുന്ന ഒരു ദൈവമാണ് നമുക്കുള്ളത്. വന്ദ്യ ഡോ. കെ. എം. ജോർജ് അച്ചന്റെ നാനാർത്ഥങ്ങൾ എന്ന പുസ്തകത്തിൽ 'പാനോറ്റിക്കോൺ' എന്ന് പറയുന്ന ഒരു ആശയം വിവരിക്കുന്നുണ്ട്. ഇംഗ്ലീഷ് ചിന്തകനായ ജെറമി ബെൻഥാം ആണ് ഈ ആശയം മുന്നോട്ട് വെച്ചത്. പാനോറ്റിക്കോൺ എന്നതിനർത്ഥം സകലതും കാണുന്ന എന്നതാണ്. സകലവും കാണുന്ന അറിയുന്ന നിയന്ത്രിക്കുന്ന എന്ന അർത്ഥത്തിൽ ഈ വാക്കിനെ വ്യാഖ്യാനിക്കുന്നുണ്ട് അങ്ങനെയെങ്കിൽ നാം വിശ്വസിക്കുന്ന നമ്മുടെ ദൈവം സകലവും അറിയുകയും കാണുകയും നമ്മെ നയിക്കുകയും ചെയ്യുന്ന ദൈവം എന്ന ഒരു ബോധ്യ നമുക്കുണ്ടാകണം അധ്യാത്മിക ജീവിതത്തിലെ ഏത് പ്രതികൂലതകളിലും നമ്മെ താങ്ങുന്ന നമുക്ക് തണലാകുന്ന ഒരു ദൈവസാന്നിധ്യബോധം നമ്മുടെ ജീവിതയാത്രയിൽ നമുക്ക് ധൈര്യവും പ്രത്യാശയും നല്കും.

3. രാത്രിക്ക് അപ്പുറമുള്ള പകൽ

ഒരു രാത്രി മുഴുവനും അജ്ഞാത സംഘത്തിൻറെ പിടിയിലായിരുന്ന അബിഗേയിൽ എന്ന പിഞ്ചുബാലിക ഈ രാത്രി കൊണ്ട് സകലതും അവസാനിച്ചു എന്ന് വിചാരിച്ചിട്ടുണ്ടാകാം മാതാപിതാക്കളും സഹോദരങ്ങളും ബന്ധുമിത്രാദികളും ആരുമില്ലാത്ത ഒന്നുമില്ലാത്ത ഒരവസ്ഥയിൽ എല്ലാം തകർന്നു എന്ന് ചിന്തിക്കാവുന്ന ഒരു പശ്ചാത്തലത്തിൽ നിന്നും ഒരു പ്രഭാതത്തിലേക്ക് ഒരു വെളിച്ചത്തിലേക്ക് നടന്നു നീങ്ങുകയായി. പിറ്റേ പ്രഭാതവും മദ്ധ്യാഹ്നവും ആ പിഞ്ചുബാലികയ്ക്ക് തടവിൽ നിന്നുള്ള മോചനത്തിന്റെ ദിനങ്ങളായിരുന്നു. നമ്മുടെ ആധ്യാത്മിക ജീവിതയാത്രയിൽ പ്രതികൂലതകളും പ്രതിസന്ധികളും രാത്രിയെന്നവണ്ണം എല്ലാം അവസാനിപ്പിക്കുന്ന ഒന്നല്ല ഒരു പ്രഭാതം നമുക്ക് മുമ്പിലുണ്ട് . അസ്തമിക്കുന്ന സൂര്യൻ പിറ്റേദിവസം ഉദിച്ചേ മതിയാകും ഒരു കാറ്റും അടങ്ങാതിരുന്നിട്ടില്ല ഒരു മഴയും തോരാതിരുന്നിട്ടില്ല എന്ന ഗാനം പോലെ ഓരോ പ്രതികൂലതകൾക്കപ്പുറവും ഒരു പ്രകാശത്തിന്റെ നേർരേഖ നമ്മുടെ ആധ്യാത്മിക ജീവിതത്തിൽ ഉണ്ട് ആ പ്രത്യാശയിൽ നമ്മുടെ ജീവിതയാത്ര തുടരണം. ഒരു രാത്രി അത് അവസാന രാത്രി ആയിരുന്നില്ല. ആ രാത്രിക്ക് അപ്പുറം ഒരു പ്രഭാതവും ഒരു മദ്ധ്യാനവും അവൾക്ക് മോചനത്തിന്റെയും സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും ദിനം ആയിരുന്നു ഈ ഒരു പ്രത്യാശ നമ്മുടെ ജീവിതയാത്രയിൽ നമുക്കും ഉണ്ടാകട്ടെ.

4. തളരാത്ത മനോധൈര്യവും നിർഭയത്വവും

2023 നവംബർ 28 ഉച്ചയ്ക്ക് 1-30-ന് അബിഗേലിനെ കൊല്ലം ആശ്രാമം മൈതാനത്ത് കണ്ടെത്തുമ്പോൾ ഭയമോ, ആശങ്കകളോ ഇല്ലാത്ത സുസ്മേര വദനയായ ഒരു പിഞ്ചുബാലികയാണ് നാം കാണുന്നത്. കഴിഞ്ഞ രാത്രിയിൽ തന്റെ ജീവിതത്തിൽ ഉണ്ടായ എല്ലാ വേദനകളും പ്രയാസങ്ങളും മറന്ന് സ്നേഹത്തോടെ സന്തോഷത്തോടെ പുഞ്ചിരിയോടെ തന്നെ സമീപിക്കുന്നവരെ സ്വീകരിക്കുന്ന പിഞ്ചുബാലിക തളരാത്ത ഒരു ആത്മധൈര്യവും നിർഭയത്വവും അബിഗേലിൽ നമുക്ക് ദർശിക്കാവുന്നതാണ്. നമ്മുടെ ആധ്യാത്മിക ജീവിതത്തിലും ഈ നിർഭയത്വം നമ്മെ ഭരിക്കണം നമ്മുടെ ജീവിതം നിരാശകൾ കെടുത്താതിരിക്കട്ടെ. നമ്മുടെ ജീവിതം പ്രതികൂലതകളിലും നിരാശകളും മനോധൈര്യത്തോടെ നിർഭയത്തോടെ ദൈവാശ്രയം ബോധത്തോടെ ദൈവത്തെ നോക്കി യാത്ര ചെയ്യുവാൻ നമുക്കിടയാകണം. നമ്മുടെ ആധ്യാത്മിക ജീവിതത്തിൽ ക്രിസ്തുവിനെ നോക്കി അവനെ മുറിപ്പാടുകളെ നോക്കി ഭയലേശം കൂടാതെ ഈ ലോക ജീവിതയാത്ര നമ്മുടെ ആധ്യാത്മിക തീർത്ഥാടനം പൂർത്തീകരിപ്പാൻ നമുക്കിടയാകും എന്ന പിഞ്ചുബാലികയുടെ ജീവിതത്തിലെ നേർക്കാഴ്ചകൾ ഇത്തരം ആദ്ധ്യാത്മിക ചിന്തകൾ നമ്മിൽ ഉണർത്തട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പിഞ്ചുബാലികയുടെ തുടർ ജീവിതം ദൈവാശ്രയത്തോടെ നിർഭയത്തോടെ പ്രത്യാശയോടെ ദൈവസന്നിധ്യ ബോധത്തോടെ മുന്നേറുവാൻ ദൈവം എല്ലാ അനുഗ്രഹങ്ങളും നൽകട്ടെ

(വീട്ടിൽ തിരിച്ചു കിട്ടിയ അബിഗേൽ എല്ലാവരുടെയും മകളായി. അവൾ തിരിച്ചുവന്നത് ഒരു വീട്ടിലേക്ക് മാത്രമല്ല, എത്രയോ അധികം വീടുകളിലേക്കാണ്, എത്രയോ അധികം അമ്മമാരിലേക്കും അച്ഛന്മാരിലേക്കുമാണ് - ഫെയിസ് ബുക്ക് പോസ്റ്റ്)



ബോംബെ ഭദ്രാസന സൺഡേ സ്കൂൾ സഹപാഠ്യ മത്സരത്തിൽ പങ്കെടുക്കാനെത്തിയ വിദ്യാർത്ഥികൾ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, ഗീവർഗീസ് മാർ കൂറിലോസ് എന്നിവരോടൊപ്പം ബോംബെ വാഷി അരമനയിൽ.



Bishop Serovbe Isakhanyan of Germany Received Metropolitan Abraham Mar Stephanos of the UK, Europe, and Africa.



കുന്നംകുളം സെന്റ് തോമസ് ഓർത്തഡോക്സ് കിഴക്കേ പുത്തൻ പള്ളിയിൽ പുലിക്കോട്ടിൽ ജോസഫ് ദിവന്നാസിയോസ് ഒന്നാമന്റെ ഓർമ്മ പെരുന്നാൾ ആചരിക്കപ്പെട്ടു. പെരുന്നാൾ ശുശ്രൂഷകൾക്ക് ഡോ. ഗീവർഗീസ് മാർ യുലിയോസ് മെത്രാപ്പോലീത്താ മുഖ്യകാർമികത്വം വഹിച്ചു.



ഗീവർഗീസ് മാർ പക്കോമിയോസ് വയനാട് എം. പി. രാഹുൽ ഗാന്ധിയെ സന്ദർശിച്ചു. കെ. സി. വേണുഗോപാൽ, മലബാർ ഭദ്രാസന സെക്രട്ടറി ഫാ. ബോബി പീറ്റർ, ലുമിനറി 70 ജനറൽ കൺവീനർ ഫാ. എം. ഡി. യൂഹാനോൻ റമ്പാൻ, ഫിനാൻസ് ചെയർമാൻ ഫാ. മാത്യൂസ് വട്ടിയാനിക്കൽ, രാഹുൽ മാങ്കൂട്ടത്തിൽ, എബിൻ വർക്കി എന്നിവർ സമീപം.

വചനതീർത്ഥം

എലിസബത്തിന്റെ അടുക്കലേക്കുള്ള മറിയത്തിന്റെ യാത്ര

(വി. ലൂക്കോസ് 1:39–56)



ഫാ. ജെറിൻ ജോൺ അടൂർ

ആധുനികകാലത്ത് മനുഷ്യനിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന പ്രതിഭാസമാണ് അകലങ്ങൾ. എലിസബത്തിന്റെ അടുക്കലേക്കുള്ള മറിയത്തിന്റെ യാത്ര അകലങ്ങൾക്കുള്ള വിള്ളലാകുന്നു. അകലങ്ങളില്ലാതെ മാനുഷിക ശക്തികൾ തമ്മിലുള്ള ബന്ധം ആത്മീയ സന്തോഷം ചെയ്യിപ്പിക്കുന്നു. ഈ ആത്മിക സന്തോഷം ഒരുപക്ഷേ നമ്മെ ഓരോരുത്തരെയും നിമിഷ കവികളും ആക്കുന്നു. സന്തോഷത്തിന്റെ അനുഭൂതിയിലുള്ള രണ്ടുപേർ തമ്മിലുള്ള കൂടിക്കാഴ്ച. ക്ലേശങ്ങൾ സഹിച്ചു കടന്നുവരുന്ന മറിയം.

സ്വന്തം ഭർത്താവിനോട് പോലും ഉരിയാടാൻ ആകാതെ മാനസികമാകുന്ന വിഷമത്തിൽ ഇരിക്കുന്ന എലിസബത്തിന്റെ അടുക്കലേക്ക് സാന്ത്വനമായി മറിയം കടന്നുവരികയാണ്. വ്യത്യസ്ത ധ്രുവങ്ങൾ തമ്മിലുള്ളവരുടെ സംഗമം. അകലങ്ങളെ അടുപ്പങ്ങൾ ആകുന്ന രണ്ട് വനിതകൾ. ദൈവത്തിൽ സന്തോഷിക്കുന്ന രണ്ടു സ്ത്രീകൾ. സന്തോഷവും സ്തുതിക്കും ആയിട്ടാണ് അവർ തമ്മിൽ കണ്ടുമുട്ടുന്നത്. എളിയവൾ ആയ തനിക്ക് ദൈവം ചെയ്ത വൻ കാര്യങ്ങളെ ഓർത്ത് മറിയം സ്തോത്രഗീതം ആലപിക്കുന്നു. അത് സ്വരം നഷ്ടപ്പെട്ട പാടാൻ കഴിയാത്തവർക്കായി ആലപിക്കപ്പെട്ട പ്രത്യാശയുടെ ഒരു മഹാകാവ്യമായി മാറുന്നു. ഈ അനുഗ്രഹിക്കപ്പെട്ട കണ്ടുമുട്ടലുകൾ അകലങ്ങൾ കുറയ്ക്കുമ്പോൾ ചില പ്രത്യേകതകൾ കൂടി കണ്ടെത്താവുന്നതാണ്.

വ്യത്യസ്തതകൾക്കിടയിലും സമാനതകൾ കൈവരിച്ച സ്നേഹ സംഗമം

നസ്റെത്തിൽ നിന്നും സഖറിയയുടെയും എലിസബത്തിന്റെയും വീട്ടിലേക്ക് ഉള്ള യാത്ര സുവിശേഷങ്ങൾ വിവരിക്കുന്ന മറിയത്തിന്റെ അനേകം യാത്രകളിൽ ആദ്യത്തെതായിരുന്നു. ഗലീലയിൽ നിന്നും യേശു വരുന്ന ബേതലഹമിലേക്കും, ഹേറോദോസിന്റെ പക്കൽ നിന്നും കുഞ്ഞിനെ രക്ഷിക്കുവാൻ ഈജിപ്തിലേക്കും, പെസഹാ പെരുന്നാളിനായി യെറുശലേമിലേക്കും, യേശുവിനെ അനുഗമിച്ച കാൽവരിലേക്കും അവൾ യാത്രയാകുന്നുണ്ട്. ഈ യാത്രകളുടെ പ്രത്യേകത അതൊന്നും എളുപ്പമായിരുന്നില്ല. ധൈര്യവും, ക്ഷമയും കൂടുതലായി വേണ്ടുന്ന യാത്രകൾ ആയിരുന്നു. ഈ യാത്രകൾ മുഴുവനും ബുദ്ധിമുട്ടേറിയതും, ക്ഷണിപ്പിക്കുന്നതും ആയിരുന്നു. അങ്ങനെയുള്ള കഷ്ടം സഹിച്ചുകൊണ്ട് തന്നെയാണ് മറിയം എലിസബേത്തിനെ കാണുവാനായി കടന്നുവരുന്നത്. യഥാർത്ഥത്തിൽ ഈ 'വനിതാ സംഗമം' പ്രായത്തിലുള്ള വ്യത്യസ്തതകളെ കുറിക്കുന്ന ഒരു സംഗമം ആയിരുന്നു. ഏലിസബത്ത് വാർദ്ധക്യത്തിലും, മറിയം യൗവനത്തിലും ആയിരുന്നു. കുടുംബ മഹിമയിലുള്ള വ്യത്യസ്തതയും നിലനിന്നിരുന്നു. എലിസബത്ത് പുരോഹിതന്റെ ഭാര്യയും മറിയം സാധാരണക്കാരിയായ ഒരു കന്യകയും ആയിരുന്നു. അതുമാത്രമല്ല പ്രതീക്ഷകളിൽ ഉള്ള വ്യത്യസ്തതയാണ് ഇവിടെ ഏറെ അനുമാനിക്കപ്പെടുന്നത്. ഏലിസബത്ത് പ്രാർത്ഥനയോടെ ഒരു പ്രജയ്ക്കു വേണ്ടി കാത്തിരുന്നപ്പോൾ, മറിയമിന് ലഭിച്ച നിയോഗം അപ്രതീക്ഷിതമായിരുന്നു. പക്ഷേ രണ്ടുപേരും തമ്മിലുള്ള സമാനത പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായിരുന്നു. രണ്ടുപേരും പരിശുദ്ധാത്മാവിനെ അറിഞ്ഞവരായിരുന്നു. മനുഷ്യർ അണിയുന്ന വേഷങ്ങൾക്കപ്പുറം കാണുവാനും മറ്റുള്ളവരെ കുറിച്ച് നന്മ പറയുവാനും അവരെ അനുഗ്രഹിക്കുവാനും പരിശുദ്ധാത്മാവിനാൽ നാം പ്രചോദിതരാകുന്നു. ഇത് കിടപ്പാടം ഇല്ലാത്ത അപ്പം ഇല്ലാത്തവരെ സ്വീകരിക്കുന്ന, അഭയം നൽകുന്ന, സൗഹൃദത്തിന്റെ ചൂടുള്ള ഒരു സമൂഹത്തെക്കുറിച്ച് പറയുമ്പോൾ വ്യക്തമാകുന്ന യാഥാർത്ഥ്യമാണ്. ഇതാണ് സമാഗമ സംസ്കാരം

മാനുഷിക നിന്ദയെ ദൈവിക അനുഭവമാക്കിയ സന്തോഷ സംഗമം

ഈ രണ്ടു വനിതകളും മാനുഷികമാകുന്ന നിന്ദയുടെ ഏടുകൾ അനുഭവിച്ചവരാണ്. മച്ചി എന്ന് അറിയപ്പെട്ടിരുന്നതിനാൽ എലിസബത്തിനും കന്യക ഗർഭിണിയായതിനാൽ മറിയത്തിനും നിന്ന് ലഭിക്കുകയാണ്. എന്നാൽ ഈ മാനുഷിക നിന്നല്ല അല്പകാലത്തേക്ക് മാത്രമേ നിലനിന്നുള്ളൂ. അതിനും അപ്പുറമായി സ്വർഗീയ സന്തോഷം രണ്ടുപേരും അനുഭവിക്കുകയാണ്. ഏലിസബത്തിന് കർത്താവിന്റെ മുന്നോടിയെ വഹിക്കുവാൻ ഉള്ള ഭാഗ്യവും, മറിയത്തിന് ലോകരക്ഷകനെ ചുമക്കാനുള്ള ഭാഗ്യവും ലഭിക്കുന്നു. സ്വർഗ്ഗീയ സന്തോഷം എന്നന്നേക്കും നിലനിൽക്കുന്നതാണ്. സ്വർഗീയ സന്തോഷത്തിന്റെ അനുഭൂതിയാണ് നമ്മെ പലപ്പോഴും നിമിഷ കവികൾ ആക്കി മാറ്റുന്നത്.

ക്രിസ്തുവിന്റെ ജനനം മൂലം സമൂഹത്തിൽ സംഭവിക്കുവാൻ പോകുന്ന മൗലീക പരിവർത്തനങ്ങളും ഇവിടെ പ്രമേയമാണ്.

യേശുവിന്റെ ജനനം സമസ്ത തലങ്ങളിലും പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന ഒന്നായിട്ടാണ് മറിയാം മനസ്സിലാക്കുന്നത്. ഈ സംഭവം വെറുമൊരു സ്വകാര്യ–ആത്മീക മതാനുഭവമായിട്ടല്ല കു ഞ്ഞിന്റെ അമ്മ കാണുന്നത്. മറിച്ച് വിപ്ലവകരമായ തകിടം മറിച്ചിലുകളും പരിവർത്തനങ്ങളും സൃഷ്ടിക്കുന്ന ഒരു അപൂർവ്വ സംഭവമായിട്ടത്രേ. ഒരു ശിശുവിന്റെ നിസ്സാരവും സാധാരണമെന്ന് തോന്നാവുന്ന ജനനത്തിൽ ദൈവത്തിന്റെ അതിശക്തമായ ഇടപെടൽ സാധ്യതയാണ് ഇവിടെ തെളിയുന്നത്. അഹങ്കാരികൾ ചിതറുകയും അധികാരികൾ നിഷ്കാസിതരാവുകയും ചെയ്യുക എന്നത് നീതിനിഷ്ഠമായ ഒരു സമൂഹത്തിന്റെ രൂപപ്പെടലിന്റെ നാന്ദിയാണ്. ആ സംവിധാനത്തിൽ ദരിദ്രരും, നിന്ദിതരും, പീഡിതരുമെല്ലാം സംരക്ഷിക്കപ്പെടും. നീതിനിഷ്ഠമായ ഒരു ലോകക്രമത്തിന് യേശുവിന്റെ ജനനം തുടക്കം കുറിക്കുമെന്നാണ് മറിയാമിന്റെ പ്രഖ്യാപനം. ഇത് യിസ്രായേലിന് ആ ശ്വാസമാകുമത്രേ! ഇവിടെ വെറും സാന്ത്വനമല്ല വിവക്ഷിക്കുന്നത്. രക്ഷാപൂർണ്ണത ലഭ്യമാകും എന്നതാണ് സൂചന. തിരസ്കൃതർക്കും അടിച്ചമർത്തപ്പെട്ടവർക്കും നീതി ലഭിക്കുന്ന ഒരു വ്യവസ്ഥിതി തന്റെ മകൻ വഴി നിലവിൽ വരികയും യിസ്രായേൽ ജനം രക്ഷ പ്രാപിക്കുകയും ചെയ്യും എന്നതാണ് മകനെപ്പറ്റി ആ അമ്മയുടെ സ്വപ്നം. യേശുവിന്റെ ജനനം സൃഷ്ടിക്കുന്ന അടിസ്ഥാന പരിവർത്തനങ്ങളെക്കുറിച്ചുള്ള ആദിമസഭയുടെ പ്രതീക്ഷ മറിയാമിന്റെ പാട്ടി ലൂടെ ആവിഷ്കരിക്കപ്പെടുകയാണ്.

കണ്ടുമുട്ടിലൂടെ ആനന്ദത്തിന്റെ അനുഭൂതിയെ തീർത്ത നിർമ്മല സംഗമം

മറിയം ആനന്ദിക്കുകയാണ്. അവളുടെ ഉദരത്തിൽ വഹിക്കുന്നത് ഇമ്മാനുവേൽ 'ദൈവം നമ്മോടു കൂടെ' ആണ്. ഈ ആനന്ദം പരിശുദ്ധാത്മാവിൽ ഉള്ള സന്തോഷമാണ്. സംശയങ്ങളിലും നമ്മിൽ തന്നെ ഉൾവലിനും ജീവിക്കുമ്പോൾ നമ്മൾ വിശ്വാസത്തെ നിഷേധിക്കുകയാണ്. മറിയം അവളുടെ പ്രശ്നങ്ങൾക്ക് മുന്നിലും എളമയോട് ദൈവത്തിന്റെ മഹത്വത്തിൽ നിന്ന് ആരംഭിച്ച എല്ലാത്തിന്റെയും നാഥനായ കർത്താവിൽ അവളെത്തന്നെ ഭരമേൽപ്പിച്ചപ്പോൾ അവൾ സന്തോഷത്താൽ നിറയുകയാണ്. നമ്മുടെ ഹൃദയം ദൈവത്തിനും സഹോദരി സഹോദരങ്ങൾക്കും തുറന്നു കൊടുത്താൽ ദൈവത്തിനു എപ്പോഴും അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ കഴിയുന്ന ഇടങ്ങളാണ്. മറിയം യാത്ര ചെയ്യുന്നു കണ്ടുമുട്ടുന്നു സന്തോഷിക്കുന്നു. മറിയം ഭാഗ്യവതിയായി അവൾ സന്തോഷിക്കുകയും, മറിയമിന്റെ പാട്ട് ചരിത്രത്തിന്റെ ഏടുകളിൽ കുറിക്കപ്പെടുകയും ചെയ്യുന്നു. അവൾ ഭാഗ്യവതിയാണ്, അനുഗ്രഹമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

കർത്താവു തന്നോടു അരുളിച്ചെയ്തതിനു നിവൃത്തിയുണ്ടാകും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി.' വി. കന്യകമറിയം ഭാഗ്യവതിയാണെന്നും, അതു സ്വയമേ വന്നുചേർന്നതല്ലെന്നും അടിയുറച്ച വിശ്വാസത്തിന്റെ ഫലമായി ലഭിച്ചതാണെന്നുമാണു പരിശുദ്ധാത്മാവു വെളിപ്പെടുത്തുന്നതു. 'ഭാഗ്യവതി' എന്നു വി. മറിയം വാഴ്ത്തപ്പെടുവാനുള്ള വ്യക്തമായ കാരണങ്ങൾ ഈ വാക്യത്തിൽ കാണുന്നുണ്ടു. കർത്താവിന്റ അമ്മയായി തീർന്നു എന്നതാണു ഒന്നാമത്തെ കാരണം. കർത്താവു അരുളിച്ചെയ്തതു നിവൃത്തിയാകും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി എന്നതിൽ അതാണു വെളിവാകുന്നതു. അങ്ങനെ വിശ്വസിച്ചതുകൊണ്ടാണല്ലോ ദൈവം അവളുടെ ഉദരത്തിൽ ഉരുവായതു. വിശ്വാസമാണു രണ്ടാമത്തെ കാരണം. അസാദ്ധ്യമായതു സാദ്ധ്യമാകും എന്നു വിശ്വസിച്ചു എന്നതിലാണു ആ വിശ്വാസത്തിന്റെ മഹത്വം ദർശിക്കുന്നതു. അരുളിച്ചെയ്തതു നിവൃത്തിയാകും വിശ്വസിക്കുക മാത്രമല്ല ദൈവവചനം ഹൃദത്തിൽ സംഗ്രഹിക്കുകയും ചെയ്തു എന്നതാണു ഭാഗ്യവതി എന്നു വാഴ്ത്തപ്പെടുവാൻ കാരണം.' വി. കന്യകമറിയത്തിന്റെ ഈ ഭാഗ്യാവസ്ഥ ഏലിസബേത്തിലൂടെ പരിശുദ്ധാത്മാവു നടത്തിയ ഒരു പ്രവചനം മാത്രമായിട്ടല്ല വേദശാസ്ത്രജ്ഞർ കാണുന്നതു. പരിശുദ്ധാത്മാവിനോടൊപ്പും മനുഷ്യരും വിശ്വസിച്ചു ഏറ്റുപറയുന്ന ഒരു ദൈവികരഹസ്യമാണെന്നാണു അവരുടെ കണ്ടെത്തൽ. അതുകൊണ്ടാണു പരിശുദ്ധ പിതാക്കന്മാർ 'മറിയമേ നീ ഭാഗ്യവതി ഭാമിനിമാരിൽ ദൈവപുത്രൻ നിന്നിൽ നിന്നങ്ങവതരിച്ചല്ലോ.' എന്നു പാടി പഠിപ്പിക്കുന്നതു. നേരത്തെ സൂചിപ്പിച്ചതു പോലെ 'കൃപനിറഞ്ഞ മറിയമേ' എന്നു ആരംഭിക്കുന്ന അപേക്ഷയും ഈ വാക്യങ്ങൾ ഉദ്ധരിച്ചു മെനഞ്ഞെടുത്തതാണല്ലോ.

ആയതിനാൽ സഹോദരങ്ങളെ മറിയം യാത്ര ചെയ്യുന്നു, കണ്ടുമുട്ടുന്നു, സന്തോഷിക്കുന്നു. കാരണം അവൾ അവളെക്കാൾ വലിയതും മഹിമ ഉള്ളതുമായ ഒന്നിനെ വഹിക്കുന്നു.അതു മാനുഷിക നിന്ദകൾക്കിടയിലും ദൈവകൃപയെ വഹിച്ച അനന്ത സ്നേഹത്തിന്റെ വക്താവാണ്. വ്യത്യസ്തതകൾക്കിടയിലും സമാനതകൾ കൈവരിക്കുവാൻ കഴിഞ്ഞ അപൂർവ സംഗമം. അനുഗ്രഹത്തിന് അനുഭൂതിയിൽ പാട്ടുകൾ പാടിയ നിർമ്മല സംഗമം. കർത്താവിന്റെ കരുണയെ ആലപിക്കുന്ന ഒരു ലോകമാക്കി ഈ നാടിനെ മാറ്റുന്ന ഒരു സമാഗമസംസ്കാരത്തിന്റെ വക്താക്കളായി നമുക്കും മാറാം. ❑



കളമശേരി കുസാറ്റ് സർവകലാശാല കാമ്പസിൽ ടെക് ഫെസ്റ്റിനിടെയുടെയുണ്ടായ ദുരന്തത്തിൽ അകാലത്തിൽ പൊലിഞ്ഞ പുതുപ്പാടി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗവും ഇലക്ട്രോണിക്സ് രണ്ടാം വർഷ വിദ്യാർഥിനിയുമായ സാറ തോമസിന്റെ ശവസംസ്കാര ശുശ്രുഷ പുതുപ്പാടി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തയുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.



Jyothis Ashram had a blessed time with St. Joseph Senior Citizen Forum of St. Mary's Orthodox Valiyapally, Indore who visited the Ashram, along with their Vicar Rev. Fr. Jacob Mathew. Thankyou beloved members for visiting the Ashram and sharing a good time.


"നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല." **– പ. പരുമല തിരുമേനി**

പ. ഔഗേൻ പ്രഥമൻ ബാവായുടെ 48–ാം ഓർമ്മപ്പെരുന്നാൾ

ദേവലോകം; പ. ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവായുടെ 48–ാം ഓർമ്മപ്പെരുന്നാൾ 2023 ഡിസംബർ 3 മുതൽ 8 വരെ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ആചരിക്കും. പ. മാത്യൂസ് തൃതീയൻ കാതോലിക്കാബാവ പെരുനാൾ ശുശ്രൂഷകൾക്ക് മുഖ്യ കാർമികത്വം വഹിക്കും. ഡിസംബർ 3–ന് രാവിലെ 6.30–ന് പ്രഭാത നമസ്കാരം, 7.30–ന് വി. കുർബ്ബാന, 9–ന് കൊടിയേറ്റ്.

4–ന് രാവിലെ 7–ന് വി.കുർബ്ബാന, 5ന് രാവിലെ 7ന് വി.കുർബ്ബാന, 6ന് രാവിലെ 7ന് വി.കുർബ്ബാന, 7ന് രാവിലെ 7–ന് വി. കുർബ്ബാന, വൈകിട്ട് 5.30–ന് തീർത്ഥാടകർക്ക് സ്വീകരണം, 6–ന് സന്ധ്യാനമസ്കാരം, 7–ന് അനുസ്മരണ പ്രസംഗം – ഫാ. ഡോ. വർഗീസ് വർഗീസ്, 7.30 ന് ധൂപപ്രാർത്ഥന,പ്രദക്ഷിണം, 8.30–ന് ശ്ലൈഹിക വാഴ്വ്, നേർച്ച.

പ്രധാന പെരുനാൾ ദിനമായ 8–ന് രാവിലെ 6.30–ന് പ്രഭാത നമസ്കാരം, 7.30–ന് വി. മൂന്നിന്മേൽ കുർബ്ബാന – പരിശുദ്ധ കാതോലിക്കാ ബാവാ, മാത്യൂസ് മാർ തേവോദോസിയോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ്. തുടർന്ന് പ്രസംഗം, ധൂപപ്രാർത്ഥന, പ്രദക്ഷിണം, ആശീർവാദം, നേർച്ച.



കുട്ടിക്കാനം മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളജിൽ പ്ലസ്ടു വിദ്യാർഥികൾക്കായി മാർഗനിർദ്ദേശ സെമിനാർ നടന്നു. വാകത്താനം ജെറുസലേം മൗണ്ട് ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്കായിട്ടാണ് സെമിനാർ സംഘടിപ്പിച്ചത്. കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനം ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം നിർവഹിച്ചു.

"കുഞ്ഞേ, ഈ ലോകത്തിൽ ഒരു മറവു മാത്രമേ ഉള്ളൂ. അത് അത്യുന്നതന്റെ മറവാണ്. മറ്റാരുടെയോ എന്തിന്റെയോ മറവിൽ ആകുവാൻ ആഗ്രഹിക്കരുത്. അത്യുന്നതന്റെ മറവിൽ നിന്ന് മാറിപ്പോകുവാനും ആഗ്രഹിക്കരുത്. ആ മറവിൽ ആയിരിക്കുന്നിടത്തോളം നാം സുരക്ഷിതരായിരിക്കും."

– സഖറിയാ മാർ അന്തോണിയോസ്



Lessons Learnt When Two Relatives Meet

(Visitation of St. Mary to Elizabeth)

Fr. Sajoie Samuel

The fourth Sunday after Koothos Eetho has two specialities. Firstly it is the day St. Mary undertakes a long and arduous journey to meet her cousin Elizabeth. Secondly the Church commemorates today as Women's Day. The Gospel portion is taken from St. Luke 01:39-56.

A look at each Sunday after Hoothos Eetho shows us the onset of Yeldo in our lives. The Angel first comes to Zechariah and reveals to him about birth of a son. On the next Sunday, Angel Gabriel is sent to Mother Mary to tell her about her Virgin birth. This is followed by Mary visiting Elizabeth, Birth of John the Baptist, Annunciation to Joseph and finally the Sunday before Christmas.

SUMMARY OF THE EVANGELION

Angel Gabriel tells Mary that her kinsmen Elizabeth is about to give birth to a child. Immediately Mary goes forth on a long journey to meet Elizabeth. On seeing Mary, the child in her womb leaps and Elizabeth is filled with the Holy Spirit. This is followed by songs of Elizabeth and Mary. For about three months Mary stays with her relative and then goes back to her home.

I. HEAVENLY GRACE IS RECIEVED THROUGH EARTHLY REJOICING


Mary visits Elizabeth as directed by Angel Gabriel. Here we see two women who are in the midst of tremendous turmoil in their life. Both are wary of the society and are not sure what destiny has in store for them. Elizabeth was seen by the society as a disgrace as she was barren. In her times, being childless was seen like a curse from God. On the other hand, Mary was very young. Too young to nurse a baby outside of marriage. If others were to know that she was expecting, she would be surely stoned to death as per the Law of Moses.

The Greek word *Charis* (grace) is derived from *chairo* which means 'rejoice'. We get grace from above when we rejoice on earth below. The baby in Elizabeth's womb leaps in joy after which the mother is filled with the Holy Spirit. So when we have a *koinonia* on earth, it leads to spiritual nourishment. Earthly joy is followed by Heavenly ecstasy.

II. OUR EARTHLY DEEDS SHOULD BE A CONFIRMATION TO GOD'S PLANS

The prophet Jonah was told by God to go to Ninevah and preach but he went to Tarshish. The writings of the Church Fathers teach us that St. Thomas was asked to go to India to preach the Good News. But he wasn't willing to go. So he is sold as a servant to a merchant. Zechariah was not able to believe that in his old age he could be a father to a son. God's divine plan cannot be postponed or canceled. Moreover God has a divine purpose in our lives.

Angel Gabriel tells Mary that Elizabeth is going to give birth to a son and the Virgin immediately goes on a trip to meet her. This provided solace to



both women. It was necessary for both to meet as only they could understand each other without explaining their respective circumstances. So when we align our earthly life parallel to God's plan, we tend to benefit both physically and spiritually.

III. TRANSFORM YOUR 'WHY ME' TO 'PRAISE GOD ITS ME'

The two ladies mentioned here accept their fate with grace. They don't question God why they have been chosen for the great task. On the other hand, they are grateful to God for being chosen for what they are asked to be. They know if they are chosen for it, they will be guided through it too.

When we pray *'YOUR WILL BE DONE ON EARTH AS IT IS IN HEAVEN'* it means we have to submit ourselves to God's divine plan. This submission may lack proper clarity or goal (from the individuals' earthly point of view) but faith in God is the key. Not even for a moment did the

women here think twice about what they were expected to do. And when submission comes, God does the rest.

IV. BE EACH OTHERS CONFIDANT

The problems we face in life can make or break us. With a right attitude we can sail through the traversities of life. Many people around us are in need of a shoulder to cry upon. They need a safe haven to let down their baggage of worries. If we can help each other to unburden their worries, it would help both us and them.

In today's Evangelion reading, only the two ladies are aware of what is happening in each other's life. The beauty of it is that, neither of them has to update the other as to what is happening in their life. That is taken care of the Holy Spirit. The Angel tells Mary about Elizabeth's pregnancy. On the other hand divine revelation inspires Elizabeth to call Mary the 'Mother of my Lord'.

V. BE AWARE OF YOUR CHILD'S MOVEMENTS

The life that Elizabeth led during the visit of Mary was a life full of pain and sorrow. She was old and ashamed. Her husband was mute and had to be taken care of. She had an unexpected visitor who came from afar and she had to be taken care of. She wasn't sure there were enough food supplies at home to feed a relative. She had her own physical ailments to bear. An old lady who gets pregnant has her own set of health issues to come to terms with. She had to keep herself away from society till she gave birth.

In the midst of these glaring concerns she is mindful of the gentle leap her baby makes in the womb. No earthly pain can make her ignore her child's movements. Conceiving in her old age, nobody would have blamed her if she would have been lax in her responsibilities as a mother. If each parent can be as careful as Elizabeth in rearing a child, it will surely ensure each child is a messenger of God.

CONCLUSION

How can this Yeldo (Christmas) be a different experience for us than the Christmas we celebrated in the past? Elizabeth gives us the answer. In vs 42 to 45 when Elizabeth sees Mary, thrice she makes use of words like 'me' and 'my'. There is a sense of belongingness. 'My Lord and My God' shows St. Thomas' conviction to his Master. When we tell ourselves that Jesus was born for me, it helps us to do our bit to enrich our spiritual life.

◆



സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ജന്മ ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് പാത്താമുട്ടം സ്തേഫാനോസ് മാർ തേവോദോസിയോസ് മെമ്മോറിയൽ മിഷൻ സെന്ററിൽ 'സീനിയർ സിറ്റിസൺ കൂട്ടായ്മ' 2023 നവംബർ 28-നു നടത്തി.



യൂ.കെയിലെ യൂണിവേഴ്സിറ്റി ഓഫ് വാർവിക്കിൽ (University of Warwick, UK) നിന്ന് ഡയബറ്റിസ് കെയർ എന്ന വിഷയത്തിൽ സിസൻ ചാക്കോയ്ക്ക് പോസ്റ്റ് ഗ്രാജുവേഷനിൽ രണ്ടാം റാങ്ക് ലഭിച്ചു. NHS ൽ നഴ്സിംഗ് എജ്യൂക്കേറ്റർ ആയി സേവനം അനുഷ്ഠിച്ചുവരികയാണ്. ലണ്ടൻ സെന്റ് ഗ്രിഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയുടെ 2023-2024 വർഷത്തെ ട്രഷറാർ, മലങ്കര അസോസിയേഷൻ മെമ്പർ എന്നി നിലകളിൽ സഭാ സേവനരംഗത്ത് സജീവമായി പ്രവർത്തിച്ചുവരുന്നു. സഹധർമ്മിണി: സൂസി ജോൺ. മക്കൾ: ഹന്ന, ഹാർലി. കുണ്ടറ തൃപ്പിലഴികം സെന്റ് തോമസ് സെഹിയോൻ ഓർത്തഡോക്സ് ഇടവകയാണ് മാതൃദേവാലയം.



കുന്നംകുളം സെന്റ് തോമസ് ഓർത്തഡോക്സ് കിഴക്കേ പുത്തൻ പള്ളിയിൽ പുലിക്കോട്ടിൽ ജോസഫ് ദിവന്നാസിയോസ് ഒന്നാമന്റെ ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് കേരള സ്റ്റേറ്റ് ലീഗൽ അതോറിറ്റിയുടെ സംസ്ഥാനത്തെ മികച്ച പാനൽ ലോയറായി തിരഞ്ഞെടുക്കപ്പെട്ട അഡ്വക്കേറ്റ് ജിസൺ പി. ജോസിനെ ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗീവർഗീസ് മാർ യൂലിയോസ് പൊന്നാടയണിയിച്ച് മമെന്റോ നൽകി ഇടവകയ്ക്കുവേണ്ടി ആദരിച്ചു.

പത്താമത് ബോംബെ ഓർത്തഡോക്സ് കൺവൻഷൻ ക്രമീകരണങ്ങൾക്ക് തുടക്കം കുറിച്ചു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ബോംബെ ഭദ്രാസനത്തിന്റെ പത്താമത് 'ബോംബെ ഓർത്തഡോക്സ് കൺവൻഷൻ 2024 ജനുവരി 31 മുതൽ ഫെബ്രുവരി 4 വരെ നടക്കും. 2023 നവംബർ 21-ന് ഗീവർഗീസ് മാർ കൂറിലോസിന്റെയും, ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. ഗീവർഗ്ഗീസ് മാർ തെയോഫിലോസിന്റെയും അധ്യക്ഷതയിൽ ഭദ്രാസന ആസ്ഥാനമായ വാഷി അരമനയിൽ കൂടിയ കൺവൻഷൻ ആലോചന മീറ്റിംഗിൽ വെച്ച് വിപുലമായ കമ്മറ്റിയെ തിരഞ്ഞെടുത്തു. ഈ വർഷത്തെ കൺവൻഷൻ ശുശ്രൂഷകൾക്ക് ഡോ. യൂഹാനോൻ മാർ ദെമെത്രിയോസും, ഫാ. ജോൺ റ്റി. വർഗ്ഗീസ് കുളക്കടയും, ഫാ. ബ്രിൻസ് അലക്സ് മാത്യൂസും നേതൃത്വം വഹിക്കും.



ഡോ. കെ. സി. മാമ്മൻ അന്തരിച്ചു

കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി സ്ഥാപക മെഡിക്കൽ ഡയറക്ടറും മനോരമയുടെ മെഡിക്കൽ ഡയറക്ടറും

കോട്ടയം: കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് (എംഒഎസ്‌സി) മെഡിക്കൽ മിഷൻ ആശുപത്രി സ്ഥാപക മെഡിക്കൽ ഡയറക്ടറും പ്രമുഖ ശിശുരോഗ വിദഗ്ധനും വെല്ലൂർ മെഡിക്കൽ കോളജ് പീഡിയാട്രിക്സ് വിഭാഗം മുൻ പ്രഫസറും മലയാള മനോരമയുടെ മെഡിക്കൽ ഡയറക്ടറുമായ കഞ്ഞിക്കുഴി മൗണ്ട് വാർധ തയ്യിൽ കണ്ടത്തിൽ ഡോ. കെ. സി. മാമ്മൻ (ബാപ്പുക്കുട്ടി – 93) അന്തരിച്ചു.

ഡോ. കെ.സി.മാമ്മന്റെ ദീർഘവീക്ഷണത്തോടെയുള്ള നടപടികളാണു മെഡിക്കൽ മിഷൻ ആശുപത്രിയെ ദക്ഷിണേന്ത്യയിലെ പ്രധാനപ്പെട്ട ആതുരാലയവും മെഡിക്കൽ കോളജുമായി വളർത്തിയെടുത്തത്. 100 കിടക്കകളുമായി തുടങ്ങിയ ആശുപത്രിയെ 1100 കിടക്കകളുള്ള മൾട്ടി സ്പെഷ്യൽറ്റി ആശുപത്രിയായി വളർത്തുന്നതിൽ അദ്ദേഹം നിർണായക പങ്കുവഹിച്ചു. അഗാധമായ ദൈവവിശ്വാസവും ആഴമേറിയ മനുഷ്യസ്നേഹവും തികഞ്ഞ അധ്വാനശീലവും അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. മികച്ച ഡോക്ടർ, അധ്യാപകൻ, ഭരണാധികാരി എന്നീ നിലകളിൽ അദ്ദേഹം തിളങ്ങി.

തിരുവിതാംകൂറിലെ ഉത്തരവാദ ഭരണ പ്രക്ഷോഭത്തിൽ സജീവമായി പങ്കെടുത്തതിന്റെ പേരിൽ ദിവാൻ അടച്ചുപൂട്ടിയ മലയാള മനോരമ ദിനപത്രം 1947–ൽ പുനരാരംഭിക്കാൻ മുന്നിൽ നിൽക്കുകയും പിന്നീടു ചീഫ് എഡിറ്ററാവുകയും ചെയ്ത കെ. എം. ചെറിയാന്റെയും കല്ലൂപ്പാറ മാരേട്ടു സാറാമ്മയുടെയും മകനായി 1930 മാർച്ച് 4–നു കെ. സി. മാമ്മൻ ജനിച്ചു. മഹാത്മാ ഗാന്ധിയോടുള്ള ആദരവു കാരണം പിതാവ് കെ.എം.ചെറിയാനാണു മകൻ കെ. സി. മാമ്മനെ ബാപ്പുക്കുട്ടി എന്ന് ഓമനപ്പേരിട്ടു വിളിച്ചത്.

മദ്രാസ് ക്രിസ്ത്യൻ കോളജ് സ്കൂൾ, എംഡി സെമിനാരി സ്കൂൾ എന്നിവിടങ്ങളിലായി പ്രാഥമിക വിദ്യാഭ്യാസം. മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് 1948ൽ ഇന്റർ മീഡിയറ്റ് പാസായ ശേഷം വെല്ലൂർ മെഡിക്കൽ കോളജിൽ എംബിബിഎസിനു ചേർന്നു. 1954 മുതൽ 58വരെ വെല്ലൂർ ആശുപത്രിയിൽ ജോലി ചെയ്തു. തുടർന്നു ലണ്ടനിൽ നിന്നു ഡിസിഎച്ച് ഡിപ്ലോമയും എഡിൻബറയിൽ നിന്ന് എംആർസിപി ബിരുദവും നേടി. രണ്ടു വർഷം ഇംഗ്ലണ്ടിൽ ജോലി ചെയ്തശേഷം തിരിച്ചെത്തി വെല്ലൂർ മെഡിക്കൽ കോളജിൽ പീഡിയാട്രിക്സ് വിഭാഗത്തിൽ 1962 മുതൽ 70 വരെ പ്രഫസറായി സേവനമനുഷ്ഠിച്ചു. തുടർന്നു ജോലി രാജിവച്ചു കോലഞ്ചേരിയിലെ മെഡിക്കൽ മിഷൻ ആശുപത്രിയിൽ ചേരുകയായിരുന്നു.

കോലഞ്ചേരി ആശുപത്രിയിൽ ഡോ. മാമ്മൻ പ്രതിഫലം വാങ്ങാതെയാണു പ്രവർത്തിച്ചത്. 1970 മുതൽ 1988 വരെ ആശുപത്രി ഡയറക്ടറായിരുന്നു. ഡോ. മാമ്മന്റെ കോലഞ്ചേരിയിലെ വീട്ടിലാണ് 1973 മാർച്ച് 15–നു കെ. എം. ചെറിയാൻ അന്തരിച്ചത്. കണ്ടത്തിൽ കുടുംബയോഗം പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. ബാലികാമഠം സ്കൂൾ മാനേജരായിരുന്നു. ആലുവയിലെ ഫെലോഷിപ് ഹൗസിന്റെയും ചാക്കോ ഹോംസിന്റെയും ബോർഡ് അംഗമായി വർഷങ്ങളോളം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഡോ. അന്നാമ്മ മാമ്മൻ (കുരീക്കാട്ട്) ആണു ഭാര്യ. മക്കൾ: ഡോ. സാറ (യുഎസ്എ), അന്നു (തിരുവനന്തപുരം), മേരി (ബെംഗളൂരു). മരുമക്കൾ: ഡോ. ക്രിസ്റ്റി തോമസ് പാറത്തുണ്ടയിൽ (യുഎസ്എ), തോമസ് കുര്യൻ ഉപ്പൂട്ടിൽ, ടി.കെ.കുര്യൻ തെക്കേത്തലയ്ക്കൽ (ബെംഗളൂരു). സഹോദരങ്ങൾ: സരസു ജേക്കബ്, പരേതയായ സാറ (മാമ്മി).

ആതുരസേവന മേഖലയ്ക്ക് വൻ നഷ്ടം: മുഖ്യമന്ത്രി

കോട്ടയം: പ്രശസ്ത ശിശുരോഗവിദഗ്ധനും കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ ആശുപത്രിയുടെ സ്ഥാപക മെഡിക്കൽ ഡയറക്ടറും വെല്ലൂർ മെഡിക്കൽ കോളജ് പീഡിയാട്രിക്സ് വിഭാഗം മുൻ പ്രഫസറും മലയാള മനോരമ മെഡിക്കൽ ഡയറക്ടറുമായ ഡോ. കെ.സി. മാമ്മന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

ആതുരസേവനരംഗത്ത്, പ്രത്യേകിച്ച് കുട്ടികളുടെ ചികിത്സാമേഖലയിൽ തികഞ്ഞ അർപ്പണബോധത്തോടെ ജീവിതം സമർപ്പിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേതെന്നു മുഖ്യമന്ത്രി പറഞ്ഞു. അധ്യാപകനെന്ന നിലയിലും മെഡിക്കൽ ഡയറക്ടർ എന്ന നിലയിലും വലിയ സംഭാവനകൾ നൽകിയ ഡോ. കെ.സി.മാമ്മന്റെ വിയോഗം ആതുരസേവനരംഗത്തിനു വലിയ നഷ്ടമാണെന്നും ബന്ധുക്കളുടെ ദുഃഖത്തിൽ പങ്കുചേരുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

ഡോ. കെ.സി.മാമ്മന്റെ നിര്യാണത്തിൽ മലങ്കര അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ അനുശോചിച്ചു.

സംസ്കാരം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ കാർമികത്വത്തിൽ കോട്ടയം പുത്തൻപള്ളിയിൽ നടന്നു.

ലളിതം, സുന്ദരജീവിതം

ഹൃദയം നിറഞ്ഞിരിക്കുമ്പോൾ പെരുമാറ്റം ഹൃദ്യമാകും എന്ന വലിയപാഠം പകർന്നാണ് ഡോ. കെ.സി.മാമ്മൻ വിടവാങ്ങുന്നത്.

വൈദ്യശുശ്രൂഷാരംഗത്തു പ്രവർത്തിക്കുന്നതൊരു പുണ്യമാണെന്നു പറയാറുണ്ട്. ജീവിതംതന്നെ ശുശ്രൂഷയാക്കി മാറ്റുന്ന ചിലരുണ്ട്. അക്കൂട്ടത്തിലാണു ഡോ. കെ.സി.മാമ്മന്റെ സ്ഥാനം.

വളരെ ലളിതമായ ജീവിതം നയിക്കുന്നൊരാൾക്ക് ഏറ്റവും മികച്ച ഭരണാധികാരിയാകാൻ സാധിക്കില്ലെന്നു കരുതുന്നവർ ഒട്ടേറെയുണ്ട്. ഭരണത്തിന്റെ മേൽത്തട്ട് അലങ്കരിക്കുമ്പോൾ ലാളിത്യം കാത്തുസൂക്ഷിക്കാനാവില്ലെന്ന പൊതുധാരണയ്ക്കുള്ള മറുപടിയായിരുന്നു ഡോ. മാമ്മന്റെ ജീവിതം. വളരെ വ്യക്തിപരമായ കാര്യങ്ങളിൽ മുതൽ താൻ വഹിക്കുന്ന പദവിയിൽ വരെ അദ്ദേഹം ലാളിത്യം ചേർത്തുപിടിച്ചാണു ജീവിച്ചത്. അദ്ദേഹം ആഡംബര കാറുകൾ ഉപയോഗിക്കുന്നതു കണ്ടിട്ടില്ല. വിലയേറിയ പാദരക്ഷകളും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്വന്തം കാര്യങ്ങൾ നോക്കാൻ ഒരു ശിപായിയെപ്പോലും അദ്ദേഹം നിയമിച്ചില്ല. ശമ്പളം വാങ്ങാതെയാണു മലങ്കര മെഡിക്കൽ മിഷൻ പ്രസ്ഥാനത്തെ സേവിച്ചത്. എല്ലാ അർഥത്തിലും അതു സേവനംതന്നെയായിരുന്നു.

ഇന്ന് രാജ്യാന്തര ഇൻസ്റ്റിറ്റ്യൂട്ടുകളിലും വിദേശ സർവകലാശാലകളിലും ബിസിനസ് അഡ്മിനിസ്ട്രേഷൻ പഠിച്ചു പരിശീലനം നടത്തിയവരാണ് നമ്മുടെ പല ആശുപത്രികളുടെയും തലപ്പത്തുള്ളത്. അത്തരം പരിശീലനങ്ങളൊന്നും ഡോ. കെ. സി. മാമ്മൻ നേടിയിട്ടില്ല. ഒരുപക്ഷേ, നേതൃപാടവവും ഭരണശേഷിയും രക്തത്തിൽ ഉണ്ടായിരുന്നിരിക്കാം. അദ്ദേഹം അതീവ ശ്രദ്ധ വച്ചിരുന്നത് കൂട്ടായ്മയുടെ മികവിലായിരുന്നു. കോലഞ്ചേരി ആശുപത്രിയിലെ നാളുകൾക്ക് എന്റെ ഓർമയിൽ സ്വർണവർണമാണ്. പദവിയും നേട്ടങ്ങളും കൈവരിച്ചതിന്റെ ഓർമകളല്ല. അറ്റൻഡർ മുതൽ മെഡിക്കൽ സൂപ്രണ്ടും ഡയറക്ടർമാരുംവരെ കൈകോർത്തു പ്രവർത്തിച്ചതിന്റെ ഓർമകളാണ്.

വലിയ പ്രതിസന്ധികൾ ഞങ്ങൾ ടീം എന്ന നിലയ്ക്കു കൈകോർത്തു

പിടിച്ചു നേരിട്ടു. ചെറുതും വലുതുമായ സന്തോഷങ്ങളും ഒരുമിച്ചുതന്നെ ആസ്വദിച്ചു, ആഘോഷിച്ചു. ആശുപത്രി ജീവിതമായിരുന്നില്ല, കോളജ് ക്യാംപസിലെന്നപോലെ പ്രസരിപ്പു നിറഞ്ഞതായിരുന്നു ആ നാളുകൾ. എല്ലാവരോടും ഇടപഴകും, ചിരിക്കും, കളിക്കും എന്നതുവച്ച് ഡോ. മാമ്മന്റെ കാര്യപ്രാപ്തിയെ വിലകുറച്ചുകാണാനാവില്ല.

കോലഞ്ചേരി ആശുപത്രിയുടെ ഭരണസമിതിയിൽ പലതരം രാഷ്ട്രീയ നിലപാടുകളുള്ള കരുത്തന്മാർ ഉണ്ടായിരുന്നു. കക്ഷിരാഷ്ട്രീയം മാത്രമല്ല, സമൂഹനിർമിതിയുടെ വ്യത്യസ്ത കാഴ്ചപ്പാടുകളും അവിടെ തലപൊക്കുമായിരുന്നു. അത്തരം ഘട്ടങ്ങളിൽ തീരുമാനമെടുക്കുന്നതിലെ ധീരത ഡോ. മാമ്മനെ വ്യത്യസ്തനാക്കി. ചിലരോടു വ്യക്തിപരമായ അടുപ്പം ഉണ്ടായിരിക്കെത്തന്നെ (‘സോഫ്റ്റ് കോർണർ’ എന്നു വേണമെങ്കിൽ വിളിക്കാം) അവരുടെ നിലപാടുകളോടു വിയോജിക്കാൻ ഡോ. മാമ്മൻ മടിച്ചില്ല. ചിലർ പ്രതിഷേധിച്ച് ഇറങ്ങിപ്പോകുമായിരുന്നു. അതിനെയും അദ്ദേഹം സൗമ്യമായാണു സമീപിച്ചത്.

വ്യക്തിപരമായി അദ്ദേഹത്തിനു ചെറുപ്പക്കാരായ പ്രഫഷനലുകളോട് അനുഭാവമുണ്ടായിരുന്നു. യുവ ഡോക്ടർമാർ വരുമ്പോൾ, അവരെക്കുറിച്ചു മോശം മുൻവിധിയോടെ പരാമർശങ്ങൾ നടത്തുന്ന സീനിയേഴ്സിനെ അദ്ദേഹം വകവച്ചില്ല. യുവാക്കളാണു നാളെ നാടിന്റെ നായകരാകുന്നത് എന്ന അഭിപ്രായക്കാരനായിരുന്നു ഡോ. മാമ്മൻ.

അക്കാലത്ത്, എല്ലാ ബുധനാഴ്ചയും എല്ലാ മെഡിക്കൽ ഡിപ്പാർട്മെന്റുകളിലെയും സ്പെഷലിസ്റ്റുകളെ ഒരുമിച്ചിരുത്തിയുള്ള കേസ് സ്റ്റഡിയും ചർച്ചയും കേരളത്തിൽ, സ്വകാര്യ ആശുപത്രികളിൽ പുതിയ ചുവടുവയ്പ് ആയിരുന്നു. അതിനു ഞങ്ങൾ ‘ഗ്രാൻഡ് റൗണ്ട്’ എന്നു പേരിട്ടു. പ്രധാനപ്പെട്ട എല്ലാ കേസുകളും വിവിധ ശാഖകളിൽ വൈദഗ്ധ്യമുള്ള ഡോക്ടർമാർ ഒരുമിച്ചിരുന്നു വിശകലനം ചെയ്യുമ്പോൾ അതിന്റെ ഗുണം രോഗിക്കുതന്നെയാണു കിട്ടുന്നത്.

ഡോ. മാമ്മൻ ശിശുരോഗ വിദഗ്ധനായിരുന്നു. തൊള്ളായിരത്തി എഴുപതുകളുടെ തുടക്കത്തിൽ എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയിലെ 5 ഗ്രാമങ്ങളെ ഡോ. മാമ്മന്റെ നേതൃത്വത്തിൽ കോലഞ്ചേരി ആശുപത്രി ദത്തെടുത്തു. കുട്ടികളുടെ പ്രതിരോധശേഷി വർധിപ്പിക്കുക എന്നതായിരുന്നു ദൗത്യം. എല്ലാ ഞായറാഴ്ചയും മെഡിക്കൽ ടീം ഗ്രാമങ്ങളുടെ ഉള്ളറകളിലേക്കു പോകും. ‘ജനങ്ങൾക്കരികിലേക്ക്, കുട്ടികൾക്കരികിലേക്ക്’ എന്നതായിരുന്നു മുദ്രാവാക്യം. പ്രതിരോധശേഷിയുള്ള കുഞ്ഞുങ്ങൾ വളർന്നുവരുമ്പോൾ സമൂഹത്തിനാകെ രോഗപ്രതിരോധശേഷി കൈവരും എന്നദ്ദേഹം ഉറച്ചു വിശ്വസിച്ചു. ഞായർ രാവിലെ തുടങ്ങുന്ന യത്നം ചില ഘട്ടങ്ങളിൽ സന്ധ്യവരെ നീളുമായിരുന്നു. അത്തരമൊരു യത്നത്തിനിടയ്ക്കാണു കോലഞ്ചേരിയിലൊരു മെഡിക്കൽ കോളജ് വേണമെന്ന സ്വപ്നം അദ്ദേഹം പങ്കുവച്ചത്. വെറുമൊരു സ്വപ്നം എന്ന നിലയ്ക്കല്ല, യാഥാർഥ്യങ്ങളുടെ പിൻബലമുള്ള ആഗ്രഹം അഥവാ ലക്ഷ്യം എന്ന നിലയ്ക്കാണ് അദ്ദേഹം അതിനെ കൊണ്ടുനടന്നത്. കോലഞ്ചേരി പോലൊരു പ്രദേശത്തു മെഡിക്കൽ കോളജോ എന്നു ചോദിച്ചവരുണ്ട്. കേരളജനതയ്ക്കു തന്നെ സ്വകാര്യ മെഡിക്കൽ കോളജ് എന്നതൊരു അതിശയമായിരുന്നു.



കെ. ഇ. മാമ്മൻ കണ്ടത്തിലിനൊപ്പം.

കേരളത്തിലെ ആദ്യ സിടി സ്കാൻ കൊണ്ടുവരാൻ മുൻകയ്യെടുത്തതും ഡോ. മാമ്മനായിരുന്നു. അതു യാഥാർഥ്യമാക്കാനുള്ള ഉത്തരവാദിത്തം എന്നെയാണ് ഏൽപിച്ചത്. ദൗത്യമായി മാത്രമല്ല, അംഗീകാരമായിക്കൂടി ഞാനത് ഏറ്റെടുത്തു. യാഥാർഥ്യമായപ്പോൾ വീണ്ടും വീണ്ടും അനുമോദിക്കാൻ അദ്ദേഹം മടിച്ചില്ല. ഈഗോയില്ലാത്ത നായകൻ എന്ന് അദ്ദേഹം തെളിയിക്കുകയായിരുന്നു. മനുഷ്യത്വം ഓരോ ശ്വാസത്തിലും ഉണ്ടായിരുന്ന ഒരാൾ. പ്രമാണികളോടും പാവപ്പെട്ടവരോടും പ്രഫഷനലുകളോടും ഒരുപോലെ പച്ചമനുഷ്യനായി ഇടപെട്ടു. നിസ്വാർഥ സേവനം എന്നതിന്റെ ആൾരൂപം. സേവനംകൊണ്ടു മധുരമാക്കിയ ജീവിതം. മധുരം കഴിക്കുന്നതും വലിയ ഇഷ്ടമായിരുന്നു.

കുടുംബജീവിതത്തിലെ ഓരോ ബന്ധവും അദ്ദേഹം അമൂല്യമായിക്കണ്ടു, പരിപാലിച്ചു. ഹൃദയം നിറഞ്ഞിരിക്കുമ്പോൾ പെരുമാറ്റം ഹൃദ്യമാകും എന്നതാണ് അദ്ദേഹം പകർന്നുതന്ന വലിയൊരു പാഠം.

കോലഞ്ചേരിയിലെ ആദ്യനാളുകളിൽ ‘ഡോ. മാമ്മൻ’ എന്നു വിളിച്ചിരുന്ന ഞാൻ പിന്നീടാണ് ‘ബാപ്പുക്കുട്ടിച്ചായൻ’ എന്നു വിളി മാറ്റിയത്. അദ്ദേഹത്തിന്റെ 90–ാം ജന്മദിനത്തിൽ ആ നെറ്റിയിൽ ഞാനൊരു ഉമ്മ ചാർത്തി. ഏറ്റവും ഒടുവിൽ, മാസങ്ങൾക്കു മുൻപ്, ബാപ്പുക്കുട്ടിച്ചായനെ നേരിട്ടു കണ്ടതും മറക്കാനാകില്ല. മയക്കത്തിലായിരുന്നു. മനസ്സിലായോ എന്നു ഞാൻ ചോദിച്ചു. “പോളല്ലേ?...” സ്നേഹവായ്പോടെയുള്ള ആ ചോദ്യം എനിക്കുള്ള സ്നേഹമുദ്രയായിരുന്നു. എന്നും ഞാനതു ഹൃദയത്തിൽ സൂക്ഷിക്കും.

(കൊച്ചി ലൂർദ് ആശുപത്രി മെഡിക്കൽ ഡയറക്ടറാണ് ലേഖകൻ)



ഓർത്തഡോക്സ് സഭാ വിശ്വാസികൾ ലീഡ്സിൽ ഇടവക രൂപീകരിച്ചു. യുകെയിലെ ലീഡ്സ് സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയുടെ ആദ്യ കുർബ്ബാന ഫാ. ഹാപ്പി ജേക്കബിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. ഇടവക വിശ്വാസികളുടെ പ്രാരംഭഘട്ട യോഗവും വികാരിയുടെ അധ്യക്ഷതയിൽ ചേർന്നു. ജോലിക്കും വിദ്യാഭ്യാസത്തിനുമായി ലീഡ്സിലുള്ള ഓർത്തഡോക്ൾസ് വിശ്വാസികൾക്ക് പ്രയോജനകരമാണ് ഇടവക.



ദേശീയ സീനിയർ ബാസ്കറ്റ് ബോൾ ചാംപ്യൻഷിപ്പിൽ സംസ്ഥാന ടീമുകളെ നയിക്കുന്ന ദേശീയ താരങ്ങളായ സഹോദരങ്ങൾ ഗ്രിമ മെർലിൻ വർഗീസും, ഗ്രിഗോ മാത്യു വർഗീസും. ഇരുവരും കൊരട്ടി സെന്റ് കുറിയാക്കോസ് ഓർത്തഡോക്സ് ഇടവകാംഗങ്ങളാണ്.